VI നിയമനിർമ്മാണ കാര്യം

(1) 1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി ബിൽ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള പൊതുവില്പന നികുതി ഭേദഗതിബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി. എം. കമലം) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള പൊതു വിൽപ്പന നികുതി ഭേദഗതി ബിൽ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് 8-ാം സബ്ജക്ട് കമ്മറിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, കാപ്പി കർഷകരെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന വില്പനികുതി കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുവെന്ന് നിരവധി നിവേദനങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നതുകൊണ്ടാണ്, സെയിൽസ് പോയിൻറിൽ നിന്നും പർച്ചയിസ് പോയിൻറിൽ ടാക്സ് ഈടാക്കാനുള്ള നടപടി സ്വീകരിച്ചത്. ഗുലാത്തി കമ്മീഷന്റെ റിപ്പോർട്ടിലും ഈയൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയുണ്ടായി. ആ നിശ്ചയത്തിന്റെ അടിസ്ഥാനത്തിൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് സെയിൽസ് പോയിൻറിൽ നിന്ന് പർച്ചയിസ് പോയിൻറിൽ വരിക. കാപ്പിയെ സംബന്ധിച്ചിടത്തോളം കോഫി ബോർഡ് പൂളം ചെയ്താണ് സെയിൽസ് നടത്തുന്നത് എന്നുള്ളതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ ഇടയില്ലെന്നു വന്നു. ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടു വരുന്നതിനുള്ള പ്രത്യേകസാഹചര്യം ഇവിടെ ഗുലാത്തി കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് പിൽക്കാല പ്രാബല്യത്തോടുകൂടി പർച്ചയിസ് പോയിൻറിൽ വന്നതുകൊണ്ടാണ്. അങ്ങനെ വന്ന അവസരത്തിൽ ഏകദേശം ഏഴരക്കോടി രൂപയുടെ സ്റ്റോക്ക് കോഫി ബോർഡിന്റെ കൈവശം ഉണ്ടായിരുന്നു. അതിന് കോഫിബോർഡ് ഒരു പിൽക്കാലപ്രാബല്യം കൊടുത്തതോടുകൂടി കോഫി ബോർഡിൽ നിന്നും ഈ പർച്ചയിസ് ടാക്സ് ഈടാക്കണമെങ്കിൽ ഒരു അടിയന്തിരമായ ഭേദഗതി നിയമം ആവശ്യമാണെന്ന് ഗവൺമെൻറിന് ബോദ്ധ്യമായതു കൊണ്ടാണ്. അങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവരാൻ വേണ്ടിയുള്ള തീരുമാനം എടുത്തിട്ടുള്ളത്. കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും സഹായകമായ നിയമനിർമ്മാണമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഏറ്റവുമൊടുവിൽ 4-8-1986-ൽ പുറപ്പെടുവിച്ച 40-ാം നമ്പർ ഓർഡിനൻസ് നിയമമാക്കാനുള്ള ബില്ലാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ബില്ല് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Smt. Bhargavi Thankappan : Sir, I move that "This House resolves to disapproove the Kerala General Sales Tax (Amendment) Ordinance, 1986 (Ordinance No. 40 of 1986)".

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീമതി ഭാർഗവി തങ്കപ്പൻ : സർ, ഈ ബില്ലിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത് കോഫിബോർഡിന്റെ കൈവശം ഉണ്ടായിരുന്ന കുറച്ചു കോഫിയിൽ ആദ്യ വാങ്ങൽ നികുതി ചുമത്താത്തതു കാരണം സർക്കാരിന് ഒരു വൻ തുക നഷ്ടം ഉണ്ടാകുന്ന ഒരു സാഹചര്യം വന്നു, അതൊഴിവാക്കുന്നതിനു വേണ്ടിയാണ് പ്രത്യേകിച്ച് ഇങ്ങനെയൊരു ഓർഡിനൻസ് വിളംബരം ചെയ്തത്. അപ്പോഴും ആദ്യ വാങ്ങൽ നികുതിയീടാക്കിയിരുന്നുയെങ്കിൽ ആ വൻ തുക സർക്കാരിന് ലഭ്യമാകുമായിരുന്നു. അത് നഷ്ടമാകുന്ന ഒരു സാഹചര്യം ഉണ്ടായപ്പോഴാണ് അതിനെ മറി കടക്കാൻ വേണ്ടി ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിച്ചു. എന്നാൽ സർക്കാരിന് കിട്ടേണ്ട കാശ് എത്രയും പെട്ടെന്ന് സർക്കാരിന് കിട്ടത്തക്ക രീതിയിൽ ഈ നിയമം നടപ്പിലാക്കണം. എന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നുയെങ്കിൽ ഇങ്ങനെ ഓർഡിനൻസുമായി പലപ്രാവശ്യം വിളംബരപ്പെടുത്തേണ്ടിവരുമായിരുന്നില്ല. എത്രയും പെട്ടെന്നു തന്നെ സർക്കാരിന്റെ ഖജനാവിലേക്ക് കാശ് ലഭിക്കുന്ന തരത്തിൽ അതിന് പ്രയോജനപ്പെടുന്ന വിധത്തിൽ ബില്ല് ഈ സഭയിൽ അവതരിപ്പിക്കാനും പാസ്സാക്കാനും ഇതിനു മുൻപ് എത്രയോ അവസരങ്ങൾ ഉണ്ടായിരുന്നു. ഈ ഓർഡിനൻസ് വിളംബരം ചെയ്ത് അടുത്ത നിയമസഭയിൽ കൊണ്ടു. വന്ന് പാസ്സാക്കാതെ വീണ്ടും വീണ്ടും പുതുക്കി പുതുക്കി 5-ാമത്തെ പ്രാവശ്യം കൊണ്ടുവന്നിരിക്കുകയാണ്.

ഇത് ഇപ്പോഴും കോഫി ബോർഡിന്റെ കൈവശമിരുന്ന സ്റ്റോക്കാണ്. ഇങ്ങനെ ആദ്യവാങ്ങൽ നികുതി ചുമത്താത്തതുകൊണ്ടാണ് ഇത്രയും നഷ്ടം വരുമെന്ന് ഗവൺമെന്റ് കണ്ടുപിടിച്ചത്. അതാരു പൊതുമേഖലാ സ്ഥാപനം ആയതുകൊണ്ടാണ് അവർ വാങ്ങുന്ന സാധനങ്ങൾ അക്കൗണ്ട് ചെയ്യുന്നതുകൊണ്ട് ആ പൊതുമേഖലാ സ്ഥാപനത്തിലുള്ള സ്റ്റോക്കിനെ സംബന്ധിച്ചുള്ള വിവരം സർക്കാരിന് കണ്ടുപിടിക്കാൻ കഴിഞ്ഞു. സ്വകാര്യ വ്യക്തികളുടെ കൈവശമാണെങ്കിൽ അവരുടെ കൈവശമിരിക്കുന്ന ഇതുപോലുള്ള കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾക്ക് ഈ ആദ്യ വില്പന നികുതി ഈടാക്കാൻ സാദ്ധ്യതയില്ലാത്ത ഒരു സാഹചര്യം ഈ ബിൽ പാസ്സാക്കുമ്പോഴും ഉണ്ട്. അത് എങ്ങനെ മറികടക്കാൻ കഴിയും? നമുക്കറിയാം, സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും ഒക്കെ നമ്മുടെ ഇന്നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളല്ല ; സ്വകാര്യ വ്യക്തികളാണ്, ഈ രംഗത്ത് കൂടുതലായി കടന്ന് കൂടിയിട്ടുള്ളത്. അവർക്ക് തീർച്ചയായും അൺ അക്കൗണ്ട് ആയിട്ട്, ധാരാളമായി ഈ കാപ്പി വിൽക്കാൻ കഴിയും. ഇപ്പോൾ കോഫി ബോർഡിന് കിട്ടിയത് തന്നെ അങ്ങനെയാണ്. അവർ ആദ്യവില്പന നികുതി ഈടാക്കിക്കൊണ്ടിരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ആ ആദ്യവിൽപ്പന നികുതി ഈടാക്കിക്കൊണ്ടിരിക്കുമ്പോൾ, ഈ സ്വകാര്യ കാപ്പി തോട്ടമുടമകൾ ഈ കാപ്പിത്തോട്ടം വിൽക്കുമ്പോൾ കണക്കിൽപ്പെടാത്ത ധാരാളം അളവിൽ ഈ സാധനങ്ങൾ വിൽക്കാൻ അവർക്ക് കഴിയും. കാരണം നികുതി വെട്ടിക്കുന്നതിനുവേണ്ടി, ഈ ഗവൺമെന്റിന് ടാക്സ് കൊടുക്കാതെയരിക്കാൻ വേണ്ടി, അങ്ങനെയൊരു സാഹചര്യം വരുമ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

നികുതി കൊടുക്കാതെ തന്നെ ആദ്യവിൽപ്പന നികുതി ഉണ്ടായിരുന്നിട്ടു പോലും ലക്ഷക്കണക്കിന് ടൺ കോഫി അവർ വിൽപ്പന നടത്തിക്കഴിഞ്ഞു പലർക്കും. കോഫീ ബോർഡ് അത് വാങ്ങിച്ചപ്പോൾ കോഫീ ബോർഡ് അത് അക്കൗണ്ട് ചെയ്തു. അപ്പോൾ ലക്ഷക്കണക്കിന് ടൺ കാപ്പി അവിടെ ആദ്യവിൽപ്പന നികുതി കൊടുക്കാത്തവരിൽനിന്നും ഈടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അവർ അത് കണ്ടുപിടിച്ചപ്പോൾ ആണ് ആദ്യവാങ്ങൽ നികുതി ഏർപ്പെടുത്തിയത്. അങ്ങനെയാണ് ഈ ഏഴരക്കോടി രൂപ കോഫീ ബോർഡിൽനിന്ന് നമുക്ക് ഈടാക്കാൻ കഴിയുമെന്ന് ഈ ഗവൺമെൻറ് കണ്ടുപിടിച്ചത്. തീർച്ചയായും നല്ലതാണ്. ഞാൻ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയാണ് മനസ്സിലാക്കുന്നത്. കോഫീ ബോർഡിൽ ആയതുകൊണ്ട് അവർ അത് അക്കൗണ്ട് ചെയ്തിട്ടുള്ളതുകൊണ്ട് അവരുടെ ക്ലോസിംഗ് സ്റ്റോക്കിൽപ്പെടുന്ന കാപ്പിക്ക് ആദ്യവിൽപ്പന നികുതി കൊടുത്തിട്ടില്ലെന്നുള്ളതുകൊണ്ട് അതിന് ആദ്യവാങ്ങൽ നികുതിയാണ് ഏർപ്പെടുത്തുന്നതെങ്കിൽ ആ കാശ് സർക്കാരിന് കിട്ടുമെന്നാണ് ഈ ബിൽ മുഖേന ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ കോഫീ ബോർഡിന് കൊടുത്തതുകൊണ്ട് അവിടെ നമുക്ക് കണക്ക് കണ്ടുപിടിക്കാൻ കഴിയും. എന്നാൽ സ്വകാര്യ വ്യക്തികൾക്കാണ് അവർ കൊടുക്കുന്നത് എങ്കിൽ ഈ ആദ്യ വാങ്ങൽ നികുതി അവരിൽ നിന്ന് നിങ്ങൾക്ക് എങ്ങനെ ഈടാക്കാൻ കഴിയും ? അപ്പോൾ സ്വകാര്യ വ്യക്തികളിൽനിന്നും കോടിക്കണക്കിന് രൂപ നികുതിയിനത്തിൽ ഈടാക്കുന്നതിന് ഈ ബിൽ പ്രയോജനപ്പെടുകയില്ലെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ആദ്യവിൽപ്പന നികുതിയിൽനിന്നും ആദ്യവാങ്ങൽ നികുതിയാക്കി ഇപ്പോൾ ഈ ബില്ലിൽ മാറ്റം വരുത്തുന്നു. അപ്പോൾ ആദ്യവാങ്ങൽ നികുതിയിൽ വിൽക്കുന്ന ആളുകൾ നികുതി കൊടുക്കാതിരിക്കാൻ വേണ്ടിയും ഈ ബിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. ആ ആദ്യവാങ്ങൽ നികുതി ഈടാക്കുമ്പോൾ കോഫീ ബോർഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായതുകൊണ്ട് അവരിൽനിന്നും നമുക്ക് നികുതി ഈടാക്കാൻ കഴിയും. എങ്കിലും സ്വകാര്യ വ്യക്തികളെ നമ്മൾ ഇപ്പോഴും ഒഴിവാക്കുന്നു. അങ്ങനെ കോടിക്കണക്കിന് രൂപ ഇനിയും നമുക്ക് കിട്ടാനുള്ള സാഹചര്യത്തിൽ ഈ തുക വന്നുചേരുമെന്ന് പ്രതീക്ഷിക്കേണ്ട. ഈ ബിൽ പാസ്സാക്കിയാലും നമുക്ക് പ്രയോജനപ്പെടുകയില്ല എന്നുള്ളതാണ് വസ്തുത. നമുക്ക് പ്രയോജനപ്പെടുന്ന തരത്തിൽ കള്ളക്കണക്ക് എഴുതി വയ്ക്കുന്നവരിൽനിന്നും, സ്വകാര്യ കച്ചവടക്കാരിൽനിന്നും, സ്വകാര്യ ജൻമിമാരിൽനിന്നും, കാപ്പിത്തോട്ടം അതുപോലെതന്നെ തേയിലത്തോട്ടം അതുപോലുള്ള ഉൽപ്പാദകരിൽനിന്നും നികുതി ഈടാക്കി ഈ സർക്കാരിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടാമെന്ന് കരുതണ്ട. അതുകൊണ്ട് ആദ്യവാങ്ങൽ നികുതി പിരിച്ച് സർക്കാരിന്റെ ഖജനാവിലേക്ക് കാശുണ്ടാക്കാമെന്നുള്ള ധാരണ വേണ്ട. ഈ സർക്കാരിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നതിന് വേറെ എന്താണ് മാർഗ്ഗമെന്ന് ആലോചിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് ഈയവസരത്തിലെങ്കിലും ചിന്തിക്കണം. അങ്ങനെ നമ്മുടെ ഖജനാവിലേക്ക് കാശ് ഉണ്ടാക്കാൻ കഴിയുന്ന വിധത്തിൽ സർക്കാർ ആലോചിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊരു സംഗതി എനിക്ക് പറയുവാനുള്ളത് ആദ്യവാങ്ങൽ നികുതിയായാലും ആദ്യവിൽപ്പനനികുതി ആയാലും പാവപ്പെട്ട ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കരുത്. ആദ്യവാങ്ങൽ നികുതി ചുമത്തിക്കൊള്ളൂ. പക്ഷേ താഴേക്കു വരുമ്പോൾ പാവപ്പെട്ടയാളുകൾ, കാപ്പി വാങ്ങുമ്പോൾ, തേയില വാങ്ങുമ്പോൾ ഇതുപോലെ ഈ ആക്ടിൽ പറയുന്ന കുറെ സാധനങ്ങൾ ഉണ്ട്. മനുഷ്യർക്ക് അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങുമ്പോൾ പല തട്ടുകളിലുള്ള നികുതി ഏർപ്പെടുത്തൽ ഒഴിവാക്കണം. അത് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും ഒഴിവാക്കുന്നതിന് ശ്രമിക്കണം. ആദ്യ വാങ്ങലിലോ ആദ്യ വിൽപ്പനയിലോ നികുതി ചുമത്തികൊണ്ട് സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ അവരെ വിലക്കയറ്റത്തിൽനിന്നും രക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീ. ബെന്നിബഹനാൻ : സർ, ഞാൻ എന്റെ ദേഗതി മൂവ് ചെയ്യുന്നു.

The Kerala General Sales Tax (Amendment) Bill, 1986 be circulated for eliciting public opinion till 30-11-1986.

സർ, കേരളത്തിലെ കാപ്പി കർഷകരുടെ താൽപ്പര്യം മുൻനിർത്തി ഗുലാത്തികമ്മീഷൻ റിപ്പോർട്ട് ശുപാർശപ്രകാരം സെയിൽസ് പോയിന്റിൽ നിന്ന് പർച്ചേയിസ് പോയിന്റിലേക്ക് സെയിൽസ് ടാക്സ് ഈടാക്കുന്ന ഈ ബില്ലിനെ ഞാൻ തത്വത്തിൽ അംഗീകരിക്കുകയാണ്. നമ്മുടെ ഗവൺമെന്റിന്റെ റവന്യൂ വരുമാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരിനമാണ് സെയിൽസ് ടാക്സ്. ഈ സെയിൽസ് ടാക്സ് പിരിവിനെക്കുറിച്ചും അതിന്റെ കാര്യക്ഷമതയെക്കുറിച്ചുമൊക്കെ ഒട്ടേറെ വിവാദങ്ങളും നമ്മുടെ സംസ്ഥാനത്ത് കാലാകാലങ്ങളിൽ ഉണ്ടാകാറുണ്ട്. നമ്മുടെ രാജ്യത്ത് ഈ ടാക്സ് പിരിവൊക്കെ ഏതാണ്ട് ഡൽഹി സുൽത്താനേറ്റിന്റെ കാലം മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ചാണക്യന്റെ അർത്ഥശാസ്ത്രത്തിൽ നിന്നും രാജഗോപാലാചാരി ഉരുത്തിരിച്ചെടുത്ത ഒരു ടാക്സ് നയമാണ് ഇൻഡ്യയുടേത്. ഇന്ന് നമുക്ക് ഏറ്റവും ആധികാരികമായിട്ടുള്ളത് ഗുലാത്തി കമ്മീഷൻ റിപ്പോർട്ടാണ്. അതനുസരിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ ഏകമുഖമായ വിൽപ്പന നികുതി ഏർപ്പെടുത്തണമെന്നുള്ളതാണ്. ഗുലാത്തി കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഇന്ന് ഏകദേശം ടിംബർ എന്ന മെയിൻ ഐറ്റം ഒഴികെ ബാക്കിയുള്ള എല്ലായിനങ്ങൾക്കും ഈ ഏകമുഖമായ വിൽപ്പന നികുതി ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നമുക്ക് ഇന്ന് വളരെയധികം പ്രായോഗിക ജ്ഞാനത്തോടും അതുപോലെതന്നെ യാഥാസ്ഥിതികമായ കാഴ്ചപ്പാടോടുംകൂടി ഈ ടാക്സ് നയത്തെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഞാൻ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതോടുകൂടി ടാക്സ് കളക്ഷന്റെ കാര്യത്തിൽ വളരെ കാര്യക്ഷമമായ പ്രവർത്തനം നടത്തി. ഗവൺമെന്റിന്റെ വരുമാനം കൂട്ടുന്നതിനുള്ള ഒട്ടേറെ നടപടികളും സ്വീകരിച്ചതിന് ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒന്നുരണ്ട് കാര്യങ്ങളുണ്ട്.

നമ്മുടെ മോട്ടോർ വെഹിക്കിൾസ് അതുപോലെതന്നെ സ്പെയർ പാർട്ടുകൾ തുടങ്ങിയ കാര്യങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ.....

മി. സ്പീക്കർ : മി. ബെന്നി, ജനറൽ ടാക്സിന്റെ കാര്യത്തിൽ ഈ ബില്ലിൽ വലിയ സ്കോപ്പില്ല.

ശ്രീ. ബെന്നി ബഹനാൻ : സർ, ഞാൻ സെയിൽസ് ടാക്സുമായി ബന്ധപ്പെടുത്തിയാണ് പറയുന്നത്. അത് അങ്ങേക്കുകൂടി പ്രയോജനം ഉള്ളതാണ്. കാറുകളുടെ കാര്യത്തിലും അതുപോലെതന്നെ മോട്ടോർ സ്പെയർ പാർട്ടുകളുടെ കാര്യത്തിലുമൊക്കെ നമ്മുടെ തൊട്ടടുത്ത സംസ്ഥാനത്തെ സെയിൽസ് ടാക്സ്, നമ്മുടെ സംസ്ഥാനത്തെ സെയിൽസ്

LIBRARY ARCHIVES Kerala Legislative Assembly

ടാക്സുമായി വലിയ അന്തരമുണ്ട്. അതുകൊണ്ട് കാർ വാങ്ങാൻ പോണ്ടിച്ചേരിയിൽ പോയാൽ അവിടെ നാലായിരമോ അല്ലെങ്കിൽ അയ്യായിരമോ രൂപ ലാഭം കിട്ടുന്നു. അതുകൊണ്ട് പലപ്പോഴും നമ്മുടെ സംസ്ഥാനത്തിന്റെ തൊട്ടടുത്തു കിടക്കുന്ന അല്ലെങ്കിൽ കയറിയിറങ്ങിക്കിടക്കുന്ന ഇത്തരം സംസ്ഥാനങ്ങളിൽ ആളുകൾ കാർ വാങ്ങാൻ പോകുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൽ കാറുകളുടെ വില്പന കുറയുകയും അതുമൂലം സെയിൽസ് ടാക്സിന്റെ വരുമാനം കുറയുകയും ചെയ്യുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് നമുക്ക് മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഏകീകൃതമായ ഒരു സെയിൽസ് ടാക്സ് നയം അംഗീകരിക്കുന്നതിനും, അതുവഴി നമ്മുടെ സ്റേറ്റിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നുള്ളതാണ്. അതിന് ഒരു ഉദാഹരണം പറയാം. ഇപ്പോൾ ടി. വി. സെറ്റുകളുടെ സെയിൽസ് ടാക്സിൽ കുറവു വരുത്തിയിട്ടുണ്ട്. അങ്ങനെ ടി. വി. സെറ്റുകൾക്ക് സെയിൽസ് ടാക്സ് കുറച്ചതുകൊണ്ട് നമ്മുടെ ആളുകൾ കൂടുതൽ ടി. വി. സെറ്റുകൾ ഇവിടെ നിന്നു തന്നെ വാങ്ങുന്നു, അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിരിക്കുകയാണ്. അതുപോലെതന്നെ മറ്റൊരു കാര്യം പറയുവാനുള്ളത്, സെയിൽസ് ടാക്സിന്റെ കളക്ഷനെക്കുറിച്ചാണ്. ഞാനൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ആറു മാസക്കാലമായി സെയിൽസ് ടാക്സ് കളക്ഷന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ഉണ്ടായ വരുമാനത്തെക്കുറിച്ച് സൂചിപ്പിക്കുകയാണ്. ഇവിടെ കച്ചവടക്കാർ ഇക്കാര്യത്തിൽ വെറും ഏജൻറുമാർ മാത്രമാണ്. ഉപഭോക്താവിന്റെ അല്ലെങ്കിൽ കൺസ്യൂമറുടെ ഭാഗത്തുനിന്നും ഗവൺമെൻറിലേക്ക് കൊടുക്കാനുള്ള സെയിൽസ് ടാക്സ് അവർ കച്ചവടക്കാരെ ഏൽപ്പിക്കുന്നു. അങ്ങനെ വെറും ഏജൻറുമാരായി കച്ചവടക്കാർ നിൽക്കുന്നു. ഈ കച്ചവടക്കാർ പലപ്പോഴും പിരിച്ചെടുക്കുന്ന സെയിൽസ് ടാക്സ് ഗവൺമെൻറിന് കൊടുക്കുന്നില്ല. അതാണ് ഇവിടെ സെയിൽസ് ടാക്സ് കിട്ടാത്തതിന് ബുദ്ധിമുട്ടുണ്ടാക്കുന്നത്. അങ്ങനെ ഏജൻറുമാർ എന്നുള്ള നിലയിൽ തങ്ങളുടെ കയ്യിൽ എത്തിച്ചേരുന്ന സെയിൽസ് ടാക്സ് ഇനത്തിൽ കിട്ടേണ്ട തുകകൾ ഗവൺമെൻറിനെ ഏൽപ്പിക്കാത്തവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണം.

ഇന്ന് പലപ്പോഴും പബ്ലിക് സെക്ടറിലുള്ള സ്ഥാപനങ്ങൾ സെയിൽസ് ടാക്സ് അടയ്ക്കുന്നില്ല. ഉദാഹരണത്തിന് കൊച്ചിൻ ഷിപ്പ്യാർഡ് കോടിക്കണക്കിന് രൂപ സെയിൽസ് ടാക്സ് ഇനത്തിൽ ഗവൺമെൻറിന് കൊടുക്കാനുണ്ട്. സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും അതിനെപ്പറ്റിയുള്ള നടപടികൾ ഏറെറടുത്തുകൊണ്ടിരിക്കുകയാണ്. പബ്ലിക് സെക്ടറുകൾ മാത്രമല്ല സ്വകാര്യ വ്യക്തികൾപോലും ഒരു ഏജൻറ് എന്ന നിലയിൽ മറ്റു ഉപഭോക്താക്കളുടെ കയ്യിൽ നിന്ന് പിരിച്ചെടുക്കുന്ന തുകപോലും ഗവൺമെൻറിനു കൊടുക്കാതിരിക്കുകയാണ്. സെയിൽസ് ടാക്സിൽ വീഴ്ച വരുത്തുന്ന ഈ കച്ചവടക്കാരുടെ മേൽ വളരെ കർശനമായ, ശക്തിയുള്ള നടപടികൾ സ്വീകരിക്കണം. സെയിൽസ് ടാക്സ് കളക്ഷന്റെ കാര്യത്തിലൊക്കെ ഉദ്യോഗസ്ഥൻമാരെപ്പറ്റി ചില പരാതികളുണ്ട്. ഉദ്യോഗസ്ഥൻമാർ പലപ്പോഴും ഇതിന്റെ അസസ്മെൻറ് നടത്തുമ്പോൾ ആളുകളെ ഹരാസ് ചെയ്യുകയാണ്. ഇതിന്റെ പ്രൊവിഷണൽ അസസ്മെൻറും ആക്ചൽ അസസ്മെൻറും തമ്മിൽ വളരെയധികം അന്തരമുണ്ടാകും. പലപ്പോഴും പ്രൊവിഷണൽ അസസ്മെൻറ് നടത്തി 2-3 വർഷം കഴിഞ്ഞിട്ടാണ് ഇതിന്റെ ആക്ചൽ അസസ്മെൻറ് വരുന്നത്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ കാലയളവിൽ പ്രൊവിഷണൽ അസസ്മെന്റിൽ തുക കൂട്ടിവച്ചു കൊണ്ട് പലപ്പോഴും പാവപ്പെട്ട കച്ചവടക്കാരെ ഹരാസ് ചെയ്യുന്നതിനു വേണ്ടിയുള്ള ഒരു നടപടി ഉദ്യോഗസ്ഥൻമാർ എടുക്കുന്നുണ്ട്. വളരെയേറെ പ്രധാനപ്പെട്ട കാര്യം എന്ന നിലയിൽ ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ വളരെ ശ്രദ്ധിക്കണം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ ചെക്ക് പോസ്റ്റുകളാണ്. ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഒഴിക്കൽക്കൂടി അനുമോദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം നമ്മുടെ ചെക്ക് പോസ്റ്റുകളിലെ ഇൻസ്പെക്ഷൻ വളരെയേറെ കാര്യക്ഷമമായിട്ടുണ്ട്. ടേക്കോവർ അല്ലെങ്കിൽ ഓവർ ചെക്കിംഗ് തുടങ്ങിയ സമ്പ്രദായങ്ങൾ നടപ്പാക്കിയതുമൂലം ഈ രംഗത്ത് വളരെ നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് വാളയാർ, അമരവിള തുടങ്ങിയ പ്രദേശങ്ങളിൽ ഓവർ ചെക്കിംഗ് നടത്തിയതുകൊണ്ട് മുന്നൂറിലധികം വണ്ടികൾ പിടിച്ചെടുക്കുന്നതിനും ഗവൺമെന്റിന് സെയിൽസ് ടാക്സ് ഇനത്തിൽ കിട്ടേണ്ട വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നമ്മുടെ ചെക്ക് പോസ്റ്റുകളിലൊക്കെ വളരെയേറെ ക്രമക്കേടുകളും അതുപോലെ ഉദ്യോഗസ്ഥൻമാർ.....

ശ്രീ. കെ. കൃഷ്ണൻകുട്ടി : ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ട് നടക്കുന്നു എന്നു പറഞ്ഞു. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ ചെക്ക് പോസ്റ്റുകളൊക്കെ കടന്നിട്ടാണ് രണ്ടു മൂന്നു ലോറി സ്പിരിറ്റ് പിടിച്ചത് എന്നു കണ്ടു. അപ്പോൾ ചെക്ക് പോസ്റ്റ് കാര്യക്ഷമമല്ലാത്തതുകൊണ്ടല്ലേ ഇങ്ങനെ നടക്കുന്നത് ?

ശ്രീ. ബെന്നി ബഹനാൻ : ഇത് കാര്യക്ഷമമാക്കണം എന്നാണ് പറഞ്ഞത്. പിടിക്കാത്ത കാര്യങ്ങളാണ് പറയുന്നത്. പിടിച്ച കാര്യങ്ങളെപ്പറ്റി ഒന്നും പറഞ്ഞില്ലല്ലോ ? കുറെക്കൂടി കാര്യക്ഷമമാക്കണമെന്നുള്ള അഭിപ്രായമാണ് താങ്കളെപ്പോലെ ഞാനും ഇവിടെ പ്രകടിപ്പിച്ചത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന പ്രൊഡക്ഷനെ സംബന്ധിച്ചാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സ്പിരിറ്റ് കൊണ്ടുവന്നയാളുകൾ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതുകൊണ്ടാണ് അവർ ഇപ്പുറത്ത് കടന്നുപോന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ബെന്നി ബഹനാൻ : സ്പിരിറ്റ് സാധാരണ കൊണ്ടുപോകുന്നത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിവുള്ളവരാണ്. അത് എത് കാലഘട്ടത്തിലായാലും ശരി. ഈ കാലഘട്ടത്തിലും അത് വന്നിരിക്കുന്നു. അതിലേക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പ്രൊഡക്ഷൻ കുറയുന്നത് പലപ്പോഴും നമ്മുടെ സെയിൽസ് ടാക്സ് വരുമാനം കുറയുന്നതുകൊണ്ടാണ്. ഇപ്പോൾ നമുക്കറിയാം പഴവർ കട്ട് വന്നു. ഇവിടത്തെ ഉദ്യോഗസ്ഥൻമാരുടെ കണക്കുകൾ പരിശോധിച്ചാൽ അത് നമുക്കറിയാം. ഈ കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്ത് പഴവർ കട്ട് ഫ്ലർപ്പെടുത്തി. ആ പഴവർ കട്ട് നമ്മുടെ സംസ്ഥാനത്തിലെ ഉൽപ്പാദനത്തെകുറച്ചു. ഇലക്ട്രിസിറ്റി വകുപ്പ് ഈ കാര്യത്തിൽ വളരെയധികം കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു യൂണിറ്റ് ഇലക്ട്രിസിറ്റിക്ക് 29 പൈസയുണ്ട്. അത് 60 ശതമാനത്തിനാണ്. ബാക്കി 40 ശതമാനത്തിന് ഒരു യൂണിറ്റിന് ഒരു രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ വരുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഇൻഡസ്ട്രിയലിസ്റ്റിന് പലപ്പോഴും അവരുടെ ഉൽപ്പാദനം കുറയ്ക്കേണ്ടിവരുന്നു. കഴിഞ്ഞ വർഷമുണ്ടായ പവ്വർ കട്ടുമൂലം നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട്. അപ്പോഴും ഉൽപ്പാദനം കുറയുമ്പോഴും സ്വാഭാവികമായും കച്ചവടത്തെയും അതുമൂലം ടാക്സിനെയും അതു ബാധിക്കുന്നുണ്ട്. ഒരു കാരണവശാലും ഉൽപ്പാദനം കുറയത്തക്ക രീതിയിലുള്ള ഒരു സാഹചര്യവും ഉണ്ടാകരുത്. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ കാര്യങ്ങളെക്കുറിച്ചും സെയിൽസ് ടാക്സ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചുരുങ്ങിയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചിന്തിച്ചാൽ പോരാ. നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടൊക്കെ ഈ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനമുണ്ടാക്കണം. ഏതായാലും കഴിഞ്ഞ അഞ്ചാറ് മാസമായിട്ട് ശ്രീ. തച്ചടി പ്രഭാകരൻ ഈ രംഗത്ത് വളരെയേറെ കർമ്മശേഷിയുള്ള ഒരു പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായി ഈ സെയിൽസ് ടാക്സ് ഇനത്തിൽ മറ്റു സംസ്ഥാനങ്ങളോടുള്ള നമ്മുടെ സംസ്ഥാനത്തിന്റെ അന്തരമൊക്കെ മാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ കേവലം ഏജന്റുകളായി പ്രവർത്തിക്കുന്ന ഈ കച്ചവടക്കാർ ടാക്സ് കുടിശ്ശിക വരുത്തുന്നതിൽ കർശനമായ നടപടി സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിന്റെ പൊതു ഖജനാവിൽ കിട്ടാനുള്ള ടാക്സ് പിരിച്ചെടുക്കാനുള്ള നടപടി എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു. I move that the Kerala General Sales Tax (Amendment) Bill, 1986 be referred to a Select Committee. ഈ ഭേഗതി ഇവിടെ കൊണ്ടുവന്നതിന്റെ ഉദ്ദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കൃഷിക്കാർക്ക് കൂടുതൽ സഹായകരമായിട്ടുള്ള ഒരു നടപടിയാണ് ഇത് എന്ന്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ആ കാര്യത്തിൽ എനിക്ക് വലിയ അഭിപ്രായവ്യത്യാസമില്ല. ഗുലാത്തി കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സെയിൽസ് ടാക്സ് നിയമത്തിൽ വരുത്തേണ്ട പല ഭേഗതികളിലൊന്നാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന് എനിക്ക് തോന്നുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സെയിൽസ് ടാക്സ് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമങ്ങൾ ഉണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഓരോ വർഷവും ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരികയും ആ നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പണം പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു വകുപ്പില്ലാതെ വരികയും ചെയ്യുന്നതിന്റെ അനുഭവം കഴിഞ്ഞ കുറെ നാളുകളായി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ സെക്ടറുകളിൽ നികുതി ചുമത്താനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം നിശ്ചയിച്ചിട്ടുള്ള ശതമാനത്തിൽത്തന്നെ നികുതി പിരിച്ചെടുക്കുന്നതിനുവേണ്ട ആത്മാർത്ഥമായ സമീപനമുണ്ടാക്കുകയാണ് വേണ്ടത് എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ സെയിൽസ് പോയിന്റിൽനിന്ന് പർച്ചേസ് പോയിന്റിലേക്ക് നികുതി മാറ്റിക്കൊണ്ടുള്ള ഈ തീരുമാനം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സഹായകരമാണ്. എന്നാൽ അതേസമയം ഇതുകൊണ്ടുള്ള മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനത്തിന് കഴിയുമോ? കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ റവന്യു വരുമാനത്തിന്റെ വലിയൊരു ഭാഗം

LIBRARY ARCHIVES Kerala Legislative Assembly

സെയിൽ ടാക്സ്ണ്. ഇൻകം ടാക്സിന്റെ വിഹിതം നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷം കഴിയുംതോറും അതിന്റെ ശതമാനം കുറഞ്ഞുവരികയാണ്. അതുപോലെതന്നെ അഗ്രികൾച്ചറൽ ഇൻകംടാക്സിൽ കഴിഞ്ഞ കുറെ നാളുകളായി പല മേഖലകളെ ഒഴിവാക്കുകയും അതിന് സൗജന്യങ്ങൾ ചെയ്യുകയും ചെയ്യുന്ന നടപടികളുണ്ടാകുന്നതിന്റെ ഫലമായും നമുക്ക് വരുമാനം കുറഞ്ഞിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും നമ്മുടെ സംസ്ഥാനം ഒരു മിച്ച സംസ്ഥാനമാണ് എന്നുള്ളതാണ് ഇതിന്റെ വേറൊരു പ്രത്യേകത. എന്നുമാത്രമല്ല പുതിയ ധനകാര്യമന്ത്രി ചാർജ് എടുത്തതിനു ശേഷം അദ്ദേഹം 100 കോടി രൂപയുടെ വിഭവസമാഹരണത്തിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. മുൻ ധനകാര്യമന്ത്രിയുടെ മിച്ചവും ഇപ്പോഴത്തെ ധനകാര്യമന്ത്രിയുടെ മിച്ചവും കൂടിയാകുമ്പോൾ ബഹുകേമമായ മിച്ചം. ഇന്ന് നമ്മുടെ സാമ്പത്തിക നില വളരെ മെച്ചമായിട്ടുള്ള ഒരു സാഹചര്യമാണ്. അതുകൊണ്ട് ഈ സെയിൽസ് ടാക്സ് പിരിവിന്റെ കാര്യത്തിൽ അലംഭാവം പാടില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിയമത്തിന്റെ ലൂപ്പ് ഹോൾസ് ഉപയോഗിച്ച് വളരെ കൂടുതൽ ആളുകൾ രക്ഷപ്പെടുന്ന അനുഭവങ്ങൾ ധാരാളമുണ്ട്. അതുകൊണ്ട് സമഗ്രമായ ഒരു പരിഷ്ക്കാരം സെയിൽസ് ടാക്സ് നിയമത്തിൽ വരുത്തുന്നതിനുവേണ്ടി ധനകാര്യമന്ത്രി മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അസസ്മെന്റിന്റെ കാര്യം പറയുമ്പോൾ, അസസ്മെന്റ് എന്നു പറയുന്നത് അഡ്ജസ്റ്റുമെന്റാണ് എന്നുള്ള കാര്യം എല്ലാവർക്കുമറിയാം. അസസ്മെന്റ് എന്നാണ് പറയുന്നതെങ്കിലും അത് പലപ്പോഴും അവിടെയുള്ള ഉദ്യോഗസ്ഥൻമാരും സെയിൽസ് ടാക്സ് അധികൃതരും കച്ചവടക്കാരും അല്ലെങ്കിൽ മറ്റു വിഭാഗം ആളുകളും തമ്മിൽ അഡ്ജസ്റ്റുമെന്റ് നടത്തി, അങ്ങനെ അസസ്മെന്റ് നടത്തുന്ന ധാരാളം അനുഭവങ്ങളുണ്ട്. എന്നാൽ തിരിച്ചുള്ള അനുഭവങ്ങളുമുണ്ട്. വേണ്ടതുപോലെ സഹകരിക്കാത്ത ആളുകൾക്ക് വളരെ കൂടുതൽ അസസു ചെയ്യുകയും അവരെ ബുദ്ധിമുട്ടിലാക്കുകയും ചെയ്യുന്ന നടപടിയും സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിലുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഈ അസസ്മെന്റിന്റെ സിസ്റ്റത്തിൽ ഒരു കൃത്യതയുണ്ടാകാനും അതേ സമയംതന്നെ പണം പിരിച്ചെടുക്കാനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കഴിഞ്ഞ കുറെ നാളുകളായി സെയിൽസ് ടാക്സ് പിരിക്കുന്നതിന്റെ സംബന്ധിച്ച ധാരാളം സ്റ്റേ കൊടുത്ത് വളരെ കൂടുതൽ പണം. . . . . കുറെയാകുമ്പോൾ കോടതിയിൽ പോകും. അതല്ലെങ്കിൽ ഗവൺമെന്റിനെ സമീപിക്കും. ഗവൺമെന്റിലും കോടതിയിലുമായി മാറി മാറി സമീപിച്ച് ആ പണം അടയ്ക്കുന്നതിന് സ്റ്റേ നൽകുന്ന സമ്പ്രദായമുണ്ട്. ഇപ്പോഴും ഈ സമ്പ്രദായം തുടരുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഇപ്പോഴത്തെ ധനകാര്യമന്ത്രിയെങ്കിലും, സർക്കാരിന് കിട്ടുന്ന വരുമാനത്തിന്, ആ പണം അസസ് ചെയ്യുന്നതിനുവേണ്ടിയുള്ള സ്റ്റേ കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ സ്റ്റേ നിറുത്തലാക്കണമെന്ന് പറഞ്ഞതുപോലെ ഒട്ടേറെ കേസ്സുകൾ ഹൈക്കോടതിയുടെ മുന്നിൽ പെൻഡിംഗിൽ കിടപ്പുണ്ട്. ആ കേസ്സുകളിൽ തീരുമാനം ഉണ്ടാക്കുന്നതിന് കോടതി വളരെയധികം അലംഭാവം കാണിക്കുന്നു. കോടിക്കണക്കിന് രൂപ ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. എത്രയുംവേഗം ആ കേസ്സുകൾ തീർത്ത് പിരിച്ചെടുക്കണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ : എക്സിക്യൂട്ടീവിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന താൽപ്പര്യത്തിന് അനുസരിച്ചുമാത്രമെ ജുഡീഷ്യറിയിൽനിന്ന് അതിന്റെ അനുകൂലമായ വശമുണ്ടാകുകയുള്ളു. ഗവൺമെന്റ് കേസ്സുകൾ തീർക്കുന്നതിന് മുൻകൈ എടുക്കുകയും ഗവൺമെന്റ് അതിനുവേണ്ടി ആത്മാർത്ഥമായ ശ്രമം നടത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനെ നിശ്ചയമായും കോടതിയിൽ സ്പീഡപ്പ് ചെയ്യാൻ കഴിയും. ഇത് കോടതിയിൽ പോയാൽ അഞ്ചുവർഷം രക്ഷപ്പെട്ടു എന്ന ധാരണ ഗവൺമെന്റിനും ഈ പണം കൊടുക്കാനുള്ള ആളിനും ഉണ്ടാകുന്നതുകൊണ്ട് പലപ്പോഴും ആ കേസ്സുകൾ ഡിസ്പോസലാകുന്നില്ല എന്നുള്ളതാണ് സത്യം.

ശ്രീ. ഹസ്സൻ സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുകൂടി മുൻകൈയെടുക്കുകയാണെങ്കിൽ നിശ്ചയമായും വളരെ കൂടുതൽ പണം പിരിച്ചെടുക്കാൻ സൗകര്യമുണ്ടാകും. അതുപോലെ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നതോടൊപ്പം മറ്റു നിരവധി മേഖലകളിലും ഈ ടാക്സ് ശരിക്കു പിരിക്കുന്നതിന് ആവശ്യമായ ചില ഭേദഗതികളും കൂടി വരുത്തണം. അതുകൊണ്ട് ഞാൻ സൂചിപ്പിച്ചതുപോലെ ഒരു സമഗ്രമായ മാറ്റം വർത്തണം. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം പല വഴികളിൽക്കൂടി ചോർന്നുപോകാത്ത വിധത്തിൽ, നമ്മുടെ സംസ്ഥാനത്തിന് ലഭിക്കത്തക്കവിധത്തിലുള്ള സമഗ്രമായ ഭേദഗതി ആവശ്യമാണ്.

സർ, ചെക്കുപോസ്റ്റുകളുടെ കാര്യം പറഞ്ഞു. ചെക്കുപോസ്റ്റുകളിൽ എന്താണ് ഉണ്ടാകുന്നത്. ഈ സംസ്ഥാനത്തിന്റെ വരുമാനം നഷ്ടപ്പെടുത്തുന്നു. ചെക്കുപോസ്റ്റുകളിൽ നടക്കുന്ന അഴിമതിയും, ചെക്കുപോസ്റ്റുകളിൽ നടക്കുന്ന കൊള്ളയും നമ്മുടെ സംസ്ഥാനത്തിന് കൂടുതൽ പണം നഷ്ടപ്പെടുത്തുന്നുണ്ട്. നമ്മുടെ സ്റ്റേറ്റ് ഒരു കൺസ്യൂമർ സ്റ്റേറ്റാണെന്ന് ഇവിടെ മന്ത്രി പറഞ്ഞു. ഈ സംസ്ഥാനത്തിനാവശ്യമുള്ള പല സാധനങ്ങളും സംസ്ഥാനത്തിന് പുറത്തുനിന്നാണ് വരുന്നത്. 100 കണക്കിന് ലോറികൾ ചെക്കുപോസ്റ്റുകളിൽ വന്നുകിടന്നാൽ ഏതെങ്കിലും വിധത്തിൽ കഴിയുന്നത്രവേഗം അവരെ ഡിസ്പോസ് ചെയ്യാനുള്ള ശ്രമമാണ് അവിടെ നടക്കുന്നത്. അതുകൊണ്ട് ആവശ്യമായ പരിശോധന നടത്താത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് വളരെ കൂടുതൽ പണം ചെക്കുപോസ്റ്റുകൾ വഴി നഷ്ടപ്പെടുന്നുണ്ട്. സർ, അന്യസംസ്ഥാനങ്ങളിൽനിന്നും ട്രെയിനിൽ സാധനങ്ങൾ കൊണ്ടുവന്നാൽ ഉടനെ പിടിച്ചെടുത്ത് അവരുടെ മേൽ നികുതി ചുമത്തുന്നു എന്നുപറഞ്ഞ് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ഭേദഗതി കൊണ്ടുവന്നു. അതിന്റെ ഫലമായി വളരെ കൂടുതൽ പണം നമുക്ക് ലഭിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. അത് ചെക്കുചെയ്യാനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ ? ഇന്നും പഴയ നിലതന്നെ തുടരുകയാണ്. എവിടെയെങ്കിലും കഷ്ടകാലത്തിന് ആരെയെങ്കിലും ഒരാളെ കിട്ടിയെന്നിരിക്കും. അങ്ങനെ വെറുതെ പ്രഖ്യാപനം നടത്തുകയല്ലാതെ, ഈ പണം പിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള ആത്മാർത്ഥമായ സമീപനം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അതുപോലെ അസസ്മെന്റിന്റെ കാര്യത്തിലും അതു പിരിച്ചെടുക്കുന്ന കാര്യത്തിലും ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. സർ, ഞങ്ങളുടെ പാലാ പ്രദേശത്തുള്ള സ്വർണ്ണ വ്യാപാരികളും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെ കണ്ടത് ഈ അടുത്ത നാളുകളിലാണ്. അതിനുമുമ്പേപ്പ് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെന്റുണ്ടെന്നോ, ഉദ്യോഗസ്ഥൻമാരുണ്ടെന്നോപോലും അവർക്കറിയില്ലായിരുന്നു. ഇക്കഴിഞ്ഞ ദിവസം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ ഒരു റെയ്ഡ് നടത്തിയപ്പോൾ രണ്ടരക്കോടിയുടേയോ രണ്ടുമുക്കാൽ കോടി രൂപയുടേയോ സ്വർണ്ണമാണ് പാലായിൽനിന്നും പിടിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ സി. ടി. കൃഷ്ണൻ : ഇതുവരെ അവിടെ ഒരു ചെക്കിംഗ് പോലും നടന്നിട്ടില്ല എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ : ഇതുവരെ അവിടെ ചെക്കിംഗ് നടന്നിട്ടില്ലായെന്നുമാത്രമല്ല, അവർക്ക് ഉദ്യോഗസ്ഥൻമാരെത്തന്നെ അറിയില്ലായെന്നതാണ് സത്യം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽനിന്നും സെയിൽസ് ടാക്സ് ഇനത്തിൽ സംസ്ഥാനത്തിനു കിട്ടേണ്ട വിഹിതം കിട്ടിയിട്ടില്ല എന്ന് ഈ സഭയിൽവന്ന ആക്ഷേപം ശരിയാണെന്ന് ഇപ്പോഴെങ്കിലും തെളിഞ്ഞല്ലോ ?

ശ്രീ. കാനം രാജേന്ദ്രൻ : കണക്കുകൂട്ടിക്കൊണ്ട് കോട്ടയത്തും ഇടുക്കിയിലും ശതമാനമുണ്ടെന്ന് തെളിയിക്കാൻ പറ്റുമെങ്കിലും വളരെ പ്രധാനപ്പെട്ട മേഖലകളിൽ പലയിടത്തും ഇതുവരെ ഒന്നും നടന്നിട്ടില്ല എന്ന് ഇപ്പോഴെങ്കിലും റെയ്ഡ് നടന്നപ്പോഴെങ്കിലും തെളിഞ്ഞിരിക്കുന്നു. അതുകൊണ്ട് പാലായിൽ കാണിച്ച അതേ താൽപ്പര്യം ആലപ്പുഴയിലും കായംകുളത്തും കാണിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : ആദ്യം കായംകുളത്തും ആലപ്പുഴയിലുമാണ് റെയ്ഡ് നടത്തിയത്. അതിനുശേഷമാണ് പാലായിൽ റെയ്ഡ് നടത്തിയത്.

ശ്രീ. കാനം രാജേന്ദ്രൻ : അപ്പോഴെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ഈ പ്രവർത്തനം തുടരുമെന്ന് പ്രതീക്ഷിക്കാം. ഈ വിധത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം നഷ്ടപ്പെടുത്തുന്ന ഒരു സാഹചര്യം ഒഴിവാക്കാൻ ഫലപ്രദമായി ഈ ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കണം. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിനു കൂടുതൽ സൗകര്യങ്ങളുണ്ടാക്കണം. പലപ്പോഴും സെയിൽസ് ടാക്സ് ആഫീസർമാർക്കും ഉദ്യോഗസ്ഥൻമാർക്കും അവരുടെ കൃത്യം നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കാനുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. അതിനാൽ ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തുകയും അതോടൊപ്പംതന്നെ, നിശ്ചയിക്കുന്ന നികുതി ഫലപ്രദമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണം. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിലെങ്കിലും കൂടുതൽ നികുതി അസസ്സു ചെയ്യാൻ കഴിയുന്നതുപോലെ അത് പിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി : സർ, കാപ്പിയുടെ വില്പനനികുതി സെയിൽസ് പോയിന്റിൽ നിന്നും പർച്ചേസിംഗ് പോയിന്റിലേക്ക് മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. സെയിൽസ് ടാക്സ് മേഖലയിൽ വളരെയേറെ ന്യൂനതകളും ഉണ്ടെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനു അനുയോജ്യമായ രീതിയിൽ സമഗ്രമായൊരു നിയമനിർമ്മാണമാണ് യഥാർത്ഥത്തിൽ കൊണ്ടുവരേണ്ടിയിരുന്നത്. അങ്ങനെ നിയമനിർമ്മാണം വഴി ഈ രംഗത്താവശ്യമായ പരിഷ്ക്കാരം വരുത്തുവാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ തയ്യാറാകുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായും പ്രതീക്ഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 95 ശതമാനത്തോളം വരുന്ന ചെറുകിട കച്ചവടക്കാർ എല്ലാവരും തന്നെ രണ്ടാം വില്പനക്കാരാണ്. മൊത്തവ്യാപാരികളിൽ നിന്നാണ്. യഥാർത്ഥത്തിൽ സെയിൽസ് ടാക്സ് ചുമത്തിക്കൊണ്ടിരിക്കുന്നത്. ഏകമുഖ വില്പന നികുതി ഏർപ്പെടുത്തിയശേഷം 95 ശതമാനം വ്യാപാരികളും വില്പന നികുതി ചുമത്തലിന് ഇന്ന് വിധേയരായിത്തീരേണ്ടവരാണ്. എന്നാൽ നിർഭാഗ്യവശാൽ ഏകമുഖ വില്പന നികുതി ഏർപ്പെടുത്തിയെങ്കിൽത്തന്നെയും ഇന്നും യാതൊരു മാനദണ്ഡവുമില്ലാതെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ വ്യാപാരികളെ ഹരാസ് ചെയ്യുന്നതുമൂലം സ്വാഭാവികമായി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുന്നത് ഉപഭോക്താക്കളാണ്. വ്യാപാരികളുമായി ബന്ധപ്പെട്ട് നിത്യജീവിതത്തിലേക്ക് സാധനങ്ങളും മറ്റും വാങ്ങുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെയേറെ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ വ്യാപാരികളെ സംബന്ധിച്ചിടത്തോളം അവർ നേരിടുന്ന പ്രയാസങ്ങളും കൂടി മനസ്സിലാക്കിക്കൊണ്ടുവേണം സെയിൽസ് ടാക്സ് മേഖലയിലുള്ള അസ്സസ്മെന്റിന്റെ കാര്യത്തിലുള്ള സമീപനം സ്വീകരിക്കേണ്ടത്. സ്വാഭാവികമായും ഇന്ന് ശരിയായ രീതിയിൽ കച്ചവടം നടത്തുന്ന അല്ലെങ്കിൽ ന്യായമായ രീതിയിൽ ഗവൺമെന്റ് നിബന്ധനകൾക്ക് വിധേയമായി ടാക്സ് നൽകി ബിസിനസ് നടത്തുന്ന ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം പ്രൊവിഷണൽ അസ്സസ്സുമെന്റും ഫൈനൽ അസ്സസ്മെന്റുമൊക്കെ നടക്കുമ്പോൾ ഉണ്ടാകാവുന്ന കാര്യങ്ങളും നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. അങ്ങനെ ഇന്ന് ഈ രംഗത്ത് കൂടുതൽ അഴിമതിയും കൂടുതൽ കുഴപ്പങ്ങളുമുണ്ടാകാൻ ഇടയാകുന്നുണ്ട്. പ്രൊവിഷണൽ അസസ്മെന്റ് നടത്തിയതിനുശേഷമാണ് സാധാരണയായി വ്യാപാരികളെ ഹരാസു ചെയ്യാനുള്ള സാദ്ധ്യത സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടാകുന്നത്. തെറ്റായ അസ്സസ്സുമെന്റ് ഉണ്ടാകാതിരിക്കാനും കർശനമായ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ഈ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആ നടപടി അനിവാര്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രജിസ്ട്രേഷൻ ടേൺ ഓവറിന്റെ പരിധി ഇന്ന് രണ്ടുലക്ഷമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ലക്ഷം വരെ ടേൺ ഓവർ ഉള്ളവർക്ക് മറ്റ് രീതിയിലുള്ള അസ്സസ്മെന്റ് ഇല്ലാതെ രണ്ടു ലക്ഷം രൂപ വരെ ടേൺ ഓവർ ഉള്ളവർക്ക് ആ അസ്സസ്സുമെന്റ് നടത്തിയ പരിധിവച്ചുകൊണ്ടാണ് ഇന്ന് സെയിൽസ് ടാക്സ് പിരിക്കാനുള്ള ഏർപ്പാടുണ്ടാക്കിയിരിക്കുന്നത്. അത് കുറെക്കൂടി വർദ്ധിപ്പിച്ചുകൊണ്ട് ചെറുകിട വ്യാപാരികളെ ഹരാസ് ചെയ്യാതെയുള്ള നടപടികൾ സ്വീകരിക്കണം. സാധാരണയായി നമ്മുടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവുണ്ടാകാതെ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ഇത് ബാലൻസു ചെയ്തുപോകാനുള്ള നടപടിയുണ്ടാക്കേണ്ടത് ആവശ്യമാണ്. അങ്ങനെ ഈ മേഖലയിൽ ന്യായമായ ഒരു സമീപനം നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയാണെങ്കിൽ ഇന്ന് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന വില നിലവാരം നമുക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല.

സർ, മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ചെക്കു പോസ്റ്റുകളുടെ കാര്യമാണ്. ഇന്ന് ചെക്കുപോസ്റ്റുകളിലുണ്ടാകുന്ന കൊള്ളരുതായ്മകൾ വളരെയേറെയാണ്. പല സാധനങ്ങളും കണക്കിൽപ്പെടാതെ ചെക്കുപോസ്റ്റുകളിലൂടെ കടന്നുവരുന്നുണ്ട്. അവിടെയെല്ലാം ഒരു നിശ്ചിത തുക കോഴയായി നിശ്ചയിച്ചിരിക്കുകയാണ്. അതു നിറുത്തലാക്കാൻ ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാന്യനായ ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇന്ന് ചെക്കു പോസ്റ്റുകളിലൂടെ കണക്കിൽപ്പെടാതെ ലോറികളിലും മറ്റും വരുന്ന ധാരാളം സാധനങ്ങളുണ്ട്. ഒരു ചാക്ക് മുളകിന് 5 രൂപ, ഒരു ചാക്ക് കടലയ്ക്ക് 5 രൂപ, ശർക്കരയ്ക്ക് 5 രൂപ, പിണ്ണാക്കിന് 5 രൂപ ഇങ്ങനെയാണ് കോഴ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഈ തുക കൊടുത്താൽ മാത്രമേ അനധികൃതമായി കണക്കിൽപ്പെടാത്ത സാധനങ്ങൾ ഈ ചെക്കു പോസ്റ്റുകളിലൂടെ കടന്നുവരുകയുള്ളു. ചെക്കു പോസ്റ്റ് കാര്യക്ഷമമായി ശക്തിപ്പെടുത്തിയാൽ മാത്രമേ ഇന്ന് നമ്മുടെ സംസ്ഥാനത്ത് സെയിൽസ് ടാക്സിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ഗവൺമെന്റിന്റെ നടപടി പ്രായോഗികമായും ശരിയായും നടക്കുകയുള്ളുവെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ അവിടെയാണ് തകരാറുണ്ടാകുന്നത്. മൊത്ത വ്യാപാരികളും മറ്റും അനധികൃതമായി കൊണ്ടുവരുന്ന സാധനങ്ങളും, കോഴകൊടുത്തുകൊണ്ടുവരുന്ന സാധനങ്ങളുമാണ് നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കാനുള്ള സാദ്ധ്യതയുണ്ടാക്കുന്നത്. അതുപോലെതന്നെ സെയിൽസ് ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ കാര്യം പറഞ്ഞു. ഇന്ന് സ്വാഭാവികമായും സെയിൽസ്ടാക്സ് പിരിക്കേണ്ടിവരുമ്പോൾ ചെറുകിട കച്ചവടക്കാരാണ് ഹരാസിനു വിധേയരാകുന്നത്. യഥാർത്ഥത്തിൽ ഇതിൽനിന്നും ഒഴിഞ്ഞുമാറുന്ന വൻകിട കച്ചവടക്കാരുണ്ട്. അങ്ങനെ വൻകിടക്കാർ പല മേഖലകളിലുണ്ട്. ഇന്നും നിയമനിർമ്മാണങ്ങളിൽനിന്നും രക്ഷപ്പെട്ടുപോകുന്ന ആളുകളുണ്ട്. ആ മേഖലകളിൽ കൂടുതൽ പണം സെയിൽസ് ടാക്സിലൂടെ വരുത്തിക്കൊണ്ട് ആ രംഗത്തും ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. ആ രംഗങ്ങളിലെല്ലാം ഇന്നുള്ള ന്യൂനതകൾക്ക് പരിഹാരമുണ്ടാക്കിക്കൊണ്ട് ഫലപ്രദമായി പിരിവു നടക്കാനുള്ള സാദ്ധ്യതയുണ്ടാക്കണം. അതുപോലെ ഈ മേഖലയിലുള്ള അഴിമതി പൂർണ്ണമായും ഒഴിവാക്കണം. ഇന്ന് ചെക്ക് പോസ്റ്റുകളിൽ പോസ്റ്റിംഗിന് വേണ്ടിയിട്ടുള്ള തളളാണ്. ചില മേഖലകളിൽ പോസ്റ്റിംഗിന് വേണ്ടിയാണ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിൽ ഇന്ന് സമ്മർദ്ദങ്ങൾ നടക്കുന്നത്. അതെല്ലാം ഒഴിവാക്കി ഈ രംഗത്ത് പ്രത്യേകമായ ആളുകൾ വരാതെ ഇങ്ങനെയുള്ള മർമ്മപ്രധാനമായ ചെക്ക് പോസ്റ്റുകളുള്ള എല്ലാ മേഖലകളിലും, മറ്റെല്ലാ മേഖലകളിലും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായ മറുപടിപോലെ പ്രത്യേകമായ സ്കാഡ് ഏർപ്പെടുത്തി ഈ രംഗം സംശുദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുവാനും റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ഓർഡിനൻസ് വഴി അവതരിപ്പിച്ച ഭേദഗതി എനിക്ക് സ്വീകാര്യമാണ്. ഇക്കാര്യത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ച തത്വത്തെ ഞാൻ അനുകൂലിക്കുന്നു. 213 എന്ന് പറയുന്നവകുപ്പ് ഈ കാര്യങ്ങൾ ചെയ്യാൻ വേണ്ടിയുള്ളതാണ്. അല്ലാതെ തൊട്ടതിനും, പിടിച്ചതിനുമൊന്നുമല്ല. സർക്കാരിന് വരുമാനം നഷ്ടപ്പെടുമ്പോൾ അടിയന്തിരമായ ഒരു പരിതസ്ഥിതി വരുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവരും.

ശ്രീ. എം. എം. ഹസ്സൻ : ഭരണസൗകര്യത്തെ മുൻനിർത്തി അത്യാവശ്യമായി വരുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിൽ തെറ്റില്ലെന്നാണല്ലോ അങ്ങ് പറയുന്നത്. ഇനി ഈ അഭിപ്രായം മാറരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറഞ്ഞുവന്നത് അടിയന്തിരമായ പരിതഃസ്ഥിതികളിൽ ഗവൺമെൻറിന്റെ വരുമാനം പ്രതികൂലമായി വരുമ്പോൾ ഇതുപോലെയുള്ളത് ചെയ്യാം. പക്ഷേ അത് അടുത്ത നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കണം. അല്ലാതെ അനന്തകാലം ആവർത്തിച്ചാവർത്തിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ച നടപടി തെറ്റാണ്. പക്ഷേ അത് ഒരു തവണയാകാം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നികുതി നഷ്ടം സംഭവിച്ചാൽ ഉടനടി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് തെറ്റില്ല. അടുത്ത നിയമസഭയിൽ അവതരിപ്പിച്ച് അത് പാസ്സാക്കണമെന്ന് മാത്രമേയുള്ളൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ ബഹുമാനപ്പെട്ട ഹസ്സന്റെ ന്യായീകരണം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പന്നി പെറ്റു പെരുകുംപോലെ ഓർഡിനൻസ് ഇറക്കി ഭരണം നടത്തുന്നത് ന്യായീകരിക്കാനുള്ള ശ്രമമാണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട ഹസ്സൻ ഇങ്ങനെ പലതും ന്യായീകരിക്കുവാനുള്ള ശ്രമം നടത്തി കൊണ്ടിരിക്കുകയാണ്. ഹസ്സൻ എന്റെടുത്ത് വന്ന് പറയും. അവസാനം ഹസ്സൻ ക്ഷീണിച്ചു പോകും. അതുകൊണ്ട് ഞാൻ ഇത് ആവർത്തിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : നമ്മുടെ ഗവൺമെൻറ് ഇതുപോലെ ദീർഘമായി ഓർഡിനൻസുകൾ ബില്ലാക്കിയെടുക്കുന്നത് ഈ കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ലോകത്തിൽ ആദ്യമായിട്ട് 40-ഓളം ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത് ഇൻഡ്യാരാജ്യത്താണ്. അതും ഈ ഗവൺമെൻറിന്റെ കാലത്താണ്. ഓർഡിനൻസ് വഴി ഇൻഡ്യയിൽ ഭരണം നടത്തിയിട്ടുള്ളത് രണ്ടു സംസ്ഥാനങ്ങളാണ്, ബീഹാറും, കേരളവും. ഇപ്പോൾ കേരളമാണ് ഏറ്റവും കൂടുതൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. അത് ഗിന്നസ് ബുക്കിൽ എഴുതാൻ കൊള്ളാം.

ശ്രീ. എം. എം.ഹസ്സൻ : ഓർഡിനൻസുകൾ റീപ്പെയിസ് ചെയ്യാൻ വേണ്ടി ഒരു പ്രത്യേക സമ്മേളനം നടത്തുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനം കേരള സംസ്ഥാനമാണെന്നറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അങ്ങനെ ഇത്രയും അധികം ഒരു സ്ഥിതിവിശേഷമുണ്ടാക്കിയത് കേരളം തന്നെയാണ്. ഇത്രയും അധികം ഓർഡിനൻസ് പുറപ്പെടുവിച്ച് ഗത്യന്തരമില്ലാതെ ജനങ്ങളേയും നേരിടണം. പ്രധാനമന്ത്രിയേയും നേരിടണം. അങ്ങനെ ഒരു ഗതികേടിൽപ്പെട്ട് ഇങ്ങനെ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്ന ഒരു ഗവൺമെൻറ് ഇൻഡ്യയിൽ വേറെയുണ്ടായിട്ടില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോൾ തന്നെ ഗവൺമെൻറ് കൃഷിക്കാർക്കു വേണ്ടി ഒരു നടപടിയെടുത്തു. ഗവൺമെൻറ് പരിശോധിച്ചപ്പോൾ ഏഴര കോടി രൂപയുടെ സ്റ്റോക്ക് കോഫി ബോർഡിൽ ഇരിക്കുന്നതായി കണ്ടു. അതിൽനിന്ന് 56 ലക്ഷം രൂപയുടെ നികുതി കിട്ടാനുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഓർഡിനൻസ് അല്ലാതെ പിന്നെ എന്താണ് ഗവൺമെൻറ് അടിയന്തിരമായി ചെയ്യാനുള്ള നടപടി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : ആ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അടുത്ത സമ്മേളനത്തിൽ അവതരിപ്പിച്ച് നിയമമാക്കണമെന്നാണ് ഞാൻ ആദ്യം പറഞ്ഞത്. ഞാൻ പറഞ്ഞുവന്നത് നികുതി പിരിവിനെ സംബന്ധിച്ചാണ്. അതിനുവേണ്ടിയാണ് നമ്മൾ ഈ നിയമം പാസ്സാക്കാൻ പോകുന്നത്. ഒരു കാര്യത്തിൽ നമ്മൾ ഇപ്പോൾ ഭാഗ്യവാൻമാരാണ്. എന്തുകൊണ്ടെന്നാൽ, നമ്മുടെ കായംകുളം കൊച്ചുണ്ണിയുടെ നാട്ടിൽനിന്നാണ് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ, വരുന്നതെങ്കിലും അദ്ദേഹം സത്യസന്ധനാണ് പിരിവിന് വിദഗ്ദ്ധനുമാണ്.

ശ്രീ. എം. എം. ഹസ്സൻ : കായംകുളം കൊച്ചുണ്ണി ഉള്ളവന്റെ കൈയിൽ നിന്ന് പിരിച്ചെടുത്ത് ഇല്ലാത്തവന് കൊടാത്ത ഒരു പുരാതന കമ്മ്യൂണിസ്റ്റുകാരനായിരുന്നുവെന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനും ഇല്ലാത്തവർക്ക് കൊടുക്കുമെന്നുള്ള അഭിപ്രായം ഉണ്ടാകുമെന്നുള്ള അഭിപ്രായവും എനിക്കില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കമ്മ്യൂണിസത്തെപ്പറ്റി ബഹുമാനപ്പെട്ട ഹസ്സനെപ്പോലുള്ള ആളുകൾ ഇത്തരം വിഡ്ഢിത്തമായ നിർവചനം അസംബ്ലിയിൽ പറയുന്നത് ശരിയാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : നികുതി പിരിവിനെ സംബന്ധിച്ച് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ അടിയന്തിര ശ്രദ്ധ പതിയുന്നതിനു വേണ്ടിയുള്ള ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി പറയുന്നത് നികുതി പിരിവിനെ സംബന്ധിച്ചാണ്. ഇവിടെ സെയിൽസ്ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലുണ്ട്. തിരുവനന്തപുരത്താണ് അത് പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനം തൃപ്തികരമായിട്ടല്ല നടക്കുന്നത്. ട്രൈബ്യൂണലിന്റെ തീരുമാനത്തെ പരാമർശിച്ചല്ല ഞാൻ പറയുന്നത്. ട്രൈബ്യൂണൽ വഴിയുള്ള കേസുകളുടെ ഡിസ്പോസലിന് വളരെ സമയമെടുക്കുന്നുണ്ട് എന്നാണ്. തൻനിമിത്തം ടാക്സ് കളക്ഷനെ അത് പ്രതികൂലമായി ബാധിക്കുന്നു. മാത്രമല്ല, വളരെക്കാലം മുതലേ ട്രൈബ്യൂണലിൽ ഒരു ചെയർമാൻ ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നു. അത് അടുത്തകാലത്താണ് പരിഹരിക്കപ്പെട്ടത്. തൻനിമിത്തം ധാരാളം കേസുകൾ കുന്നുകൂടി. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നികുതി പിരിവിൽ പ്രതികൂലമായ ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ള . കാലതാമസമുളവാക്കിയത്. അതുകൊണ്ട് അടിയന്തിരമായും ഈ നികുതിയെ സംബന്ധിച്ചുള്ള അപ്പലേറ്റ് ട്രിബ്യൂണലിന്റെ കേസുകൾ എത്രയും പെട്ടെന്ന് തീരുമാനമാക്കുന്നതിനാവശ്യമായ നടപടികൾ നമ്മുടെ മന്ത്രി സ്വീകരിക്കണമെന്ന് ഒന്നാമതായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടാമതായി എനിക്ക് പറയാനുള്ളത് നികുതി പിരിക്കുന്ന ഏജൻസികളെ സംബന്ധിച്ചാണ്. സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിരവധി ക്രമക്കേടുകൾ കടന്നുകൂടിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് കാലാകാലങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടുകൾ വരുന്നുണ്ട്. ഈ ആഡിറ്റ് റിപ്പോർട്ടുകളിലെല്ലാം തെറ്റായ അസസ്മെന്റിനെ സംബന്ധിച്ചും, നികുതി വെട്ടിപ്പിനെ സംബന്ധിച്ചും ധാരാളം കഥകൾ പുറത്തു വന്നിട്ടുണ്ട്. പല സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരും ഇവിടത്തെ പല കമ്പനികളേയും

LIBRARY ARCHIVES Kerala Legislative Assembly

നികുതി വെട്ടിപ്പിൽ സഹായിച്ചിട്ടുണ്ട്. അത് ഓരോന്നായി എടുത്ത് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല. പക്ഷേ അക്കൗണ്ടൻറ് ജനറൽ ചൂണ്ടിക്കാണിക്കുന്ന ഈ വക കേസുകളിൽ അടിയന്തിരമായ നടപടികളെടുക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ലെന്നുള്ളതാണ് ഒരു വസ്തുതയാണ്. ഈ കുഴപ്പങ്ങൾ കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥൻമാരും, നികുതി വെട്ടിപ്പിനു കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥൻമാരും റിട്ടയർ ചെയ്തു പോയാലും ഗവൺമെൻറിൻറെ ആക്ഷൻ പൂർണ്ണമാവുകയില്ല. മാത്രവുമല്ല, ഗവൺമെൻറിനു ഈ നികുതി വെട്ടിപ്പു മുഖാന്തിരം ഉണ്ടാകുന്ന നഷ്ടം ഈ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥൻറെ കൈയിൽനിന്നു ഈടാക്കാനും കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് അക്കൗണ്ടൻറ് ജനറൽ ചൂണ്ടിക്കാണിക്കുന്ന നികുതിവെട്ടിപ്പിനെ സംബന്ധിച്ചുള്ള കേസുകളും വളരെ കൃത്യനിഷ്ടയോടുകൂടി, പ്രോംപ്റ്റായിട്ട് തന്നെ ഒക്കെകാര്യം ചെയ്യുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതിനും നമുക്ക് കഴിയണം. എങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തിൻറെ നികുതി വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇതിൻറെ കളക്ടിംഗ് ഏജൻസിയെ സംബന്ധിച്ച് ഒരു ജാഗ്രത ഗവൺമെൻറ് പുലർത്തണം. ഈ ജാഗ്രതയെന്നുള്ള കാര്യം വളരെ കാലമായി ഇല്ലാത്ത ഒരു കാര്യമാണ്. എന്നാൽ അതേസമയം, ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് ന്യായമായ ചില പരാതികളുണ്ട്. അതും നമ്മൾ കേൾക്കണം. ആ പരാതികളും കേൾക്കുന്നതിനോടൊപ്പംതന്നെ ആ ഡിപ്പാർട്ടുമെൻറിനെ പൂർണ്ണമായും കാര്യക്ഷമമാക്കി അതിൻറെ പ്രവർത്തനം നികുതി പിരിവിനു പ്രയോജനപ്പെടുത്തുവാനാവശ്യമായ നടപടികളും ഇനിയും വേണ്ടതായിട്ടുണ്ട്. ആ സന്ദർഭത്തിൽ ഗുലാത്തി കമ്മീഷൻറെയും, അതുപോലെതന്നെ ഈ ഗവൺമെൻറ് നിയമിച്ച നവരാജ് കമ്മിറ്റിയുടേയും റിപ്പോർട്ടും ഗവൺമെൻറിൻറെ മുൻപിലുണ്ട്. ആ റിപ്പോർട്ടുകളിൽ എല്ലാംതന്നെ നികുതി പരിഷ്കാരം എങ്ങനെ നടപ്പിലാക്കാം എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളുണ്ട്. ഇതിനു മുമ്പ് പല ഗവൺമെൻറും, ഇന്നത്തെ സങ്കീർണ്ണമായ നികുതി ഘടന ഏകീകരിച്ച് ഈ സ്ട്രക്ചർ തന്നെ മാറ്റി ക്കൊണ്ടു വരുന്നതിനു സമഗ്രമായ നിയമനിർമ്മാണം നടത്തുമെന്നു പറയാറുണ്ട്. നിർഭാഗ്യവശാൽ ഇതുവരെ നടന്നിട്ടില്ല. ഈ രാജ്യത്തെ പല പ്രക്ഷോഭണങ്ങൾക്കും കാരണം ആയിട്ടുള്ളതു ഈ ബഹുമുഖ വിൽപ്പന നികുതിയും, അതിനെ തുടർന്നുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളുമാണ്. അതുകൊണ്ട് നമ്മുടെ നികുതിഘടന ലളിതമാക്കണം. അതു നമ്മുടെ രാജ്യത്തിൻറെ പുരോഗതിക്കു ആവശ്യമാണ്. ഇപ്രകാരം നമ്മുടെ നികുതിഘടന ലളിതമാക്കിയാൽ ടാക്സ് ഇവേഷൻ അല്ലെങ്കിൽ നികുതി വെട്ടിപ്പ് ഒഴിവാക്കാൻ കഴിയും. നികുതി കളക്ഷൻ കൂടുതൽ കാര്യക്ഷമമാക്കാനും കഴിയും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഗുലാത്തി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളും ഇനിയും നടപ്പിലാക്കിയിട്ടില്ലെന്ന്. നവരാജ് കമ്മിറ്റി റിപ്പോർട്ടും ഇനിയും നടപ്പിലാക്കിയിട്ടില്ല. ആ കമ്മീഷൻറെ ശുപാർശകളെല്ലാം ഉൾക്കൊണ്ടുകൊണ്ട് അതിനെല്ലാം നിയമത്തിൽ പ്രാബല്യം കൊടുത്തുകൊണ്ടുള്ള ഒരു സംവിധാനം ഈ ഗവൺമെൻറ് അല്ലെങ്കിൽ അടുത്ത ഗവൺമെൻറ് എങ്കിലും ചെയ്യുമെന്നു നമുക്ക് പ്രത്യാശിക്കാം. അത് ഈ രാജ്യത്തെ നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ആവശ്യമാണ്.

മറ്റൊന്ന് റവന്യൂബോർഡിനു നികുതിപിരിവിനുള്ള സ്ഥാനത്തെ സംബന്ധിച്ചാണ്. ഇന്ന് റവന്യൂ ബോർഡിൻറെ കീഴിലാണ് സെയിൽസ് ടാക്സിൻറെ പ്രവർത്തനം. അതിനെ സംബന്ധിച്ചിടത്തോളം ഒരു കോ-ഓർഡിനേഷൻ ഇന്നില്ല. ഒരു ഏകീകരണം ഈ കാര്യത്തിൽ വരണം. അതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ധനകാര്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് ഞാൻ പ്രത്യീക്ഷിക്കുന്നു. കഴിഞ്ഞ കാലങ്ങളിലെല്ലാം ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളും ഇപ്രകാരമാണ്, ചില ആനുകൂല്യങ്ങളും ചില വിഭാഗങ്ങൾക്ക് നിഷേധിക്കുകയും മാറുചിലർക്കനുകൂലമാക്കുകയും ചെയ്യുന്നു. ഇത് പത്രങ്ങളിലൂടെയും പൊതുവേദിയിലും മുഴങ്ങിക്കേട്ടിട്ടുള്ളതാണ്. അതവസാനിപ്പിക്കണം. നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം കക്ഷിഭേദം നോക്കണ്ട കാര്യമില്ല, നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം അത് നിഷ്പക്ഷമായിരിക്കണം, നീതിപൂർവ്വമായിരിക്കണം, ആ നിലയിലൊരു സമീപനം അംഗീകരിച്ച് നടപ്പിലാക്കാൻ നമുക്ക് കഴിയണം. നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം, രാജ്യപുരോഗതിക്കനുസരണമായ ഒരു നയം ഇനിയെങ്കിലും ഗവൺമെൻറ് നടപ്പിലാക്കുമെന്ന് വിശ്വസിക്കുന്നു. ഇതിലുള്ള വെട്ടിപ്പും കൊള്ളയും അവസാനിപ്പിക്കണം, അതിനുവേണ്ടി ശക്തമായ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. വർക്കല രാധാകൃഷ്ണൻവരെ അനുകൂലിച്ച ഒരു ബില്ലായതുകൊണ്ട് ആരും അനുകൂലിക്കാതിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കൃഷിക്കാർക്ക് വളരെയേറെ പ്രയോജനം ചെയ്ത ഒരു നിയമം, പ്രത്യേകിച്ച് കാപ്പികൃഷിക്ക്, 1984-ൽ ഇത് പാസ്സാക്കി. അങ്ങനെ കൃഷിക്കാർക്ക് ഗുണം ചെയ്യുന്ന ഒരു നിയമം പാസ്സാക്കിയപ്പോഴും കോഫീ ബോർഡിന്റെ കൈയിൽ ഏഴരക്കോടി രൂപയുടെ സാധനം ടാക്സ് ഈടാക്കാത്തതായി ഇരുന്നു.. അതിന്റെ ടാക്സ് ഇനത്തിൽ പത്തെൺപത്തിനാല് ലക്ഷംരൂപ നമുക്ക് നഷ്ടംവരുമെന്നു കണക്കാക്കിയപ്പോഴും ഉടൻതന്നെ ഒരു ഓർഡിനൻസുണ്ടാക്കി, അങ്ങനെ ഗവൺമെൻറിന് നഷ്ടംവരാതെ സൂക്ഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു ഓർഡിനൻസാണ് ഇപ്പോഴും നിയമമാക്കുന്നതിനുവേണ്ടി വന്നിരിക്കുന്നത്. ഇതിനെ എല്ലാപേരും അനുകൂലിക്കണം. ഈ ഗവൺമെൻറ് പരമാവധി നികുതിവെട്ടിപ്പ് തടയുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരവസരമാണ്. ഇവിടെ വമ്പൻമാർ ധാരാളം നികുതിവെട്ടിപ്പ് നടത്താറുണ്ട്, അങ്ങനെ നികുതിവെട്ടിക്കുന്നത് തടയുകയെന്നുള്ളത് ഗവൺമെൻറിനാവശ്യമുള്ള ഒരു കാര്യമാണ്. അത് തടയുന്നതിന് വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമമാണ് ഈ ഗവൺമെൻറ് നടത്തുന്നത് എന്നുള്ളത് എല്ലാപേർക്കും അറിയാവുന്ന ഒരു കാര്യമാണ്. കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് മൂന്നുനാല് മാസംകൊണ്ട് 40 കോടി രൂപയോളം നികുതിയിനത്തിൽ അധികമായി പിരിച്ചുകഴിഞ്ഞു. നികുതിവെട്ടിപ്പ് തടഞ്ഞയിനത്തിൽ കൂടുതൽ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞു.

നാഷണൽ സേവിംഗ്സിനെക്കുറിച്ച് പറയുകയാണെങ്കിൽ എല്ലാ വർഷവും സേവിംഗ്സ് കുറവാണ്, വളരെക്കുറച്ച് ടാർജറ്റ് മാത്രമേ നാം പിരിക്കുകയുള്ളൂ. ഈ വർഷം നമ്മുടെ സംസ്ഥാനം ഏറ്റിരുന്നത് 60 കോടി രൂപ നാഷണൽ സേവിംഗ്സ് വഴി പിരിച്ചെടുക്കുമെന്നുള്ളതായിരുന്നു. പക്ഷേ ഇതിനകംതന്നെ 108 കോടി രൂപ നാഷണൽ സേവിംഗ്സ് ഇനത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറ് പിരിച്ചു എന്നാണ് കണക്കാക്കപ്പെടുന്നത്. അങ്ങനെ നാഷണൽ സേവിംഗ്സിൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായ ഒരു തുക പിരിച്ചെടുക്കാൻ ഈ ഗവൺമെൻറിന്റെ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരന് കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ : ശ്രീ. മാണി ആ വകുപ്പ് കൈകാര്യം ചെയ്തിരുന്നതിനേക്കാൾ കൂടുതൽ കാര്യക്ഷമമായിട്ടാണ് ശ്രീ. തച്ചടി ആ വകുപ്പ് കൈകാര്യം ചെയ്യുന്നത് എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ?

ശ്രീ. ടി. എസ്. ജോൺ : ശ്രീ. മാണി ചെയ്ത കാര്യം ഞാൻ പറഞ്ഞു. 1984-ലെ ഓർഡിനൻസ്കൊണ്ട് ഇവിടത്തെ കർഷക ജനതയെ സഹായിക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണ്, ഇത് ശ്രീ. കെ. എം. മാണിയാണ് കൊണ്ടുവന്നത്. ഏതായാലും കൃഷിക്കാർക്കനുകൂലമായ ഒരു നിയമം ശ്രീ. കെ. എം. മാണിയുടെ കാലത്തുണ്ടാക്കിയതുപോലെ മറ്റൊരു കാലത്തും ഉണ്ടാക്കിയിട്ടില്ല. കൃഷിക്കാർക്കനുകൂലമായ ഒരു നിയമം ഉണ്ടാക്കിയപ്പോൾ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടാനിടയായ ഒരു വലിയ തുക— 45 ലക്ഷം രൂപ—പിരിച്ചെടുക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണ് ഇത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അപ്പോൾ ഇതിന്റെ മേൻമ ശ്രീ. തച്ചടി അവകാശപ്പെടേണ്ട, ശ്രീ. കെ. എം. മാണിക്ക് തന്നെയാണെന്നല്ലേ അങ്ങ് ഇപ്പോൾ പറഞ്ഞതിന്റെ അർത്ഥം ?

ശ്രീ. ടി. എസ്. ജോൺ : അതെ, ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യമന്ത്രിയായി വന്നതിനുശേഷം 60 കോടി രൂപ നാഷണൽ സേവിംഗ്സ് വഴി ശേഖരിക്കാമെന്ന് കേന്ദ്രഗൺമെന്റിനോട് പറഞ്ഞിരുന്നത് 108 കോടിരൂപ ഇതിനകം തന്നെ ശേഖരിച്ച് കഴിഞ്ഞിരിക്കുന്നു, ഇതൊരു വലിയ കാര്യമാണ്. നികുതി വെട്ടിപ്പ് തടഞ്ഞിരിക്കുന്നു, അതിന്റെ ഫലമായി കഴിഞ്ഞ മൂന്നു നാല് മാസത്തിനകം 40 കോടിരൂപ കൂടുതലായി പിരിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് വലിയൊരു നേട്ടമായി കാണണം. സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്ന ഒരു ഗവൺമെന്റിനെ സാമ്പത്തികമായി ഉന്നതിപ്പെട്ട ഒരു സംസ്ഥാനമാക്കി മാറ്റുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു എന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

ബ്ലേഡ് കമ്പനികളെ ഇന്ന് ഒരു പാരലൽ എക്കോണമിപോലെ നടന്നു വരുന്നു. അവരുടെ അന്തകനായി ശ്രീ. തച്ചടി മാറിയെന്നുപറയാൻ ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നില്ല, അവർക്ക് ഇന്ന് അദ്ദേഹം ഒരു പേടിസ്വപ്നമായി മാറിയിരിക്കുകയാണ്. ബ്ലേഡ് കമ്പനികളെ നടത്തുന്നവർ വളരെ ഉന്നതമായ ജോലിയുള്ള ആളാണെന്ന് ഒരു വിശ്വാസമുണ്ടായിരുന്നു. സമ്പന്നനാണ്, മാന്യനാണ് എന്നുള്ള ധാരണ നമ്മുടെ സംസ്ഥാനമൊട്ടാകെ ഉണ്ടായിരുന്നു ; പക്ഷേ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ മന്ത്രിയായി വന്നതോടുകൂടി അതിന് മാന്യത കുറച്ച് കുറവാണ്, അവരെ സംബന്ധിച്ചിടത്തോളം മാന്യൻമാരല്ല, അപമാനകരമായ ഒരു തൊഴിലാണ് ഈ ബ്ലേഡ്കമ്പനികൊണ്ട് നടക്കുന്നത് എന്നൊരു ധാരണ പൊതുജനങ്ങളിലുണ്ടാക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞുവെന്നുള്ളതാണ് ഒരു പ്രത്യേകത.

ശ്രീ. വി. സി. കബീർ : ശ്രീ. തച്ചടി വന്നതിനുശേഷം മാറ്റമുണ്ടായി എന്ന് ശ്രീ. ജോൺ പ്രസംഗിച്ചല്ലോ, ഇതേ ബ്ലേഡ് കമ്പനികളെ ഉദ്ഘാടനം ചെയ്യാൻ പോകുന്നത് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരാണ്. നാട മുറിക്കുന്നതും, ആദ്യത്തെ അഡ്വാൻസ് കൊടുക്കുന്നതുമൊക്കെ ഇവരാണ്. അതിനാൽ മന്ത്രിമാർ പോകാതിരിക്കാൻ ശ്രീ. തച്ചടിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ : മന്ത്രിമാർ പോകുന്നില്ല. ശ്രീ. തച്ചടി പ്രഭാകരൻതന്നെ നമുക്കെല്ലാം സർക്കുലർ അയച്ചിട്ടുണ്ട്. മന്ത്രിമാർ മാത്രമല്ല, എം. എൽ. എ. മാർപോലും ഇത്തരം ബ്ലേഡ് കമ്പനികളുടെ ഉദ്ഘാടനത്തിന് പോകരുത് എന്ന ഒരു സർക്കുലർ എല്ലാ അംഗങ്ങൾക്കും ശ്രീ. തച്ചടി പ്രഭാകരൻ എം. എൽ. എ. ആയിരുന്നപ്പോൾ അയച്ചിരുന്നു. പക്ഷേ ഇപ്പോഴും പോകുന്ന എം. എൽ. എ. മാർ ഇവിടെ ഉണ്ട്. പല എം. എൽ. എ. മാരും പോയിട്ടുമുണ്ട്. ഒരു പാരലൽ എക്കോണമിയായി ഈ രാജ്യത്ത് വളർന്നുവന്നിരിക്കുന്ന ബ്ലേഡ് കമ്പനികളെ നിലയ്ക്കു നിർത്താൻ ഇവിടത്തെ സമ്പത്ത് ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും സമാഹരിച്ച്, ഗവൺമെൻറിൽ സമാഹരിച്ച്, ട്രഷറികളിൽ സമാഹരിച്ച് ഇവിടുള്ള സമ്പത്ത് വർദ്ധിപ്പിച്ച് നാടിൻെറ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാൻ അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരിക്കുന്ന ധനകാര്യമന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എം. വി. മാണി : സർ നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ വരുമാനമാർഗമാണ് സെയിൽസ്ടാക്സ്. നമ്മുടെ സമ്പദ്ഘടനയിൽ, കേരളത്തെ സംബന്ധിച്ചിടത്തോളം സെയിൽസ്ടാക്സില്ലാതെ നമുക്ക് മുന്നോട്ട് പോകുകയെന്നുള്ളത് ചിന്തിക്കാൻപോലും സാധിക്കുകയില്ല. ഇതുപോലുള്ള സന്ദർഭത്തിൽ ഇവിടെ ഒരു ഭേദഗതികൊണ്ടുവന്നിരിക്കുന്നതിനെക്കുറിച്ച് ശ്രീ. ടി. എസ്. ജോൺ പറഞ്ഞു, കാപ്പികൃഷിക്കാരിൽനിന്നും അധിക നികുതി ഈടാക്കുന്നതുകൊണ്ട് കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ കുറയ്ക്കുന്നതിന് അതോടൊപ്പംതന്നെ ഗവൺമെൻറിന് നഷ്ടപ്പെടാവുന്ന വലിയ നികുതി നഷ്ടപ്പെടാതിരിക്കുന്നതിനുംവേണ്ടിയാണ് ഇന്ന് ഈ ഭേദഗതികൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്.

നമ്മുടെ രാജ്യത്തെ നികുതിഘടനയെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായി അത് പിരിച്ചെടുക്കുന്ന ഒരു സമീപനം കഴിഞ്ഞ ആറേഴ് വർഷമായി ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഗുലാത്തി കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നമ്മുടെ വ്യാപാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനും അതോടൊപ്പംതന്നെ സെയിൽസ്ടാക്സ് വൻതോതിൽ പെട്ടിച്ചുകൊണ്ടിരിക്കുന്നതിനും ബഹുമുഖ വിൽപ്പനനികുതി വളരെയേറെ സഹായിച്ചിരുന്നു. ആ ബഹുമുഖ വിൽപ്പനനികുതികൊണ്ട് നമ്മുടെ രാജ്യത്തെ കച്ചവടക്കാർക്ക് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിൻെറ ഹരാസ്മെൻറും, അതോടൊപ്പംതന്നെ സെയിൽസ്ടാക്സ് വെട്ടിക്കുന്നതിന് കച്ചവടക്കാർക്ക് സൗകര്യവും ഉണ്ടായിരുന്നു. കൂടുതൽ നികുതി ഖജനാവിലേക്ക് വരുന്നതിനും ഈ ഏകമുഖവിൽപ്പന നികുതികൊണ്ട് സാധിച്ചു എന്നുള്ള കാര്യത്തിൽ സംശയമില്ല.

സർ, ഗുലാത്തി കമ്മീഷൻ റിപ്പോർട്ട് 1980-ന് ശേഷമാണെന്ന് തോന്നുന്നു നടപ്പാക്കിതുടങ്ങിയത്. ഇന്ന് ഏതാണ്ട് 80 ശതമാനത്തോളം സാധനങ്ങൾക്ക് ഏകമുഖവിൽപ്പന നികുതിയാക്കിക്കഴിഞ്ഞുവെങ്കിൽകൂടിയും ഇനിയും ചില സാധനങ്ങൾക്ക് ഗുലാത്തികമ്മീഷൻെറ റെക്കമെൻറേഷൻ അനുസരിച്ച് ഏകമുഖ വിൽപ്പനനികുതിയാക്കിയിട്ടില്ലയെന്നുള്ളത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ രാജ്യത്തെ നികുതി ഘടന വളരെയധികം ലളിതമാക്കുന്നതിനും നികുതി വെട്ടിപ്പുകൾ കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഏകമുഖ വിൽപ്പന നികുതിയാണ് നല്ലതെന്ന് തെളിയിച്ചിരിക്കെ ബാക്കിയുള്ള സാധനങ്ങൾക്കുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഇത് അടിയന്തിരമായിനടപ്പാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. ഇന്ന് രജിസ്ട്രേഷൻ ഫീസിൽ വലിയ വർദ്ധനവുണ്ടായിരിക്കുകയാണ്. അതുകൊണ്ട് ചെറിയ കച്ചവടക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ചെറിയകച്ചവടക്കാർക്കും വലിയ കച്ചവടക്കാർക്കും രജിസ്ട്രേഷൻ ഫീസ് തുല്യമാണ്. അത് ടേണോവർ അനുസരിച്ച് ഒന്നുമല്ല നിശ്ചയിച്ചിട്ടുള്ളത്. കച്ചവടക്കാർക്ക് രജിസ്ററർ ചെയ്യണമെങ്കിൽ ഒരു നിശ്ചിത തുകകൊടുക്കണമെന്നാണ് വച്ചിട്ടുള്ളത്. ഇത് പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. പത്തു രൂപ മുതൽ ആയിരം രൂപ വരെ വിവിധ ക്ലാസുകളാക്കി രജിസ്ട്രേഷൻ ഫീ തിരിക്കണം. ഏററവും കുറഞ്ഞത് 10 രൂപയാക്കിക്കൊണ്ട് ചെറുകിട കച്ചവടക്കാർക്ക് ഒരു ആശ്വാസം നൽകണം. അതോടൊപ്പംതന്നെ വൻകിടക്കാർക്ക് കുറെത്തുകകൂട്ടിക്കൊണ്ട് ഈ രംഗത്ത് ഒരു പരിഷ്കാരംകൂടി ഉണ്ടാകണം.

പോണ്ടിച്ചേരി കേന്ദ്രഭരണപ്രദേശത്തിന്റെ മാഹി കേരളത്തിൽ ആയതുമൂലം സെയിൽസ്ടാക്സ് ഇനത്തിൽ കുറെത്തുക നമുക്ക് നഷ്ടമാകുന്നു. അവിടെ നികുതി വളരെകുറവാണ്. ലോറികളും, കാറുകളും, ബസുകളും തുടങ്ങിയുള്ള വെഹിക്കിൽസും ലിക്വറും, പെട്രോളും വരെയുള്ള സാധനങ്ങളും മാഹിയിൽ വന്നതിനുശേഷം മറെറ് സംസ്ഥാനങ്ങളിലേക്ക് പോകുകയാണ്. ഈ ഇനത്തിൽ വളരെ നികുതി നമുക്ക് നഷ്ടമാകുന്നുണ്ട്. അതിനു എന്തൊരുമാർഗമെന്നുള്ളത് ഗവൺമെൻറു ആലോചിക്കേണ്ടകാര്യമാണ്. കോടിക്കണക്കിനുരൂപയുടെ സാധനങ്ങളാണ് ഇങ്ങനെ മാഹിയിൽ വിൽക്കുന്നത് നമ്മുടെ സംസ്ഥാനത്തുതന്നെ സെയിൽസ് നടത്തുകയും നമുക്ക് കിട്ടേണ്ട നികുതി നഷ്ടപ്പെട്ടുപോകുന്ന സ്ഥിതിയുമാണ് ഉള്ളത്. നികുതി നഷ്ടപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമ്പോൾ വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണിത്.

ഇവിടെ ചെക്പോസ്റുകളെക്കുറിച്ച് പലരും സൂചിപ്പിച്ചു. ഇന്ന ചെക്പോസ്റുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കൂടുതൽ ചെക്പോസ്റുകൾ സ്ഥാപിക്കുകയും ഉള്ളത് നല്ലരീതിയിൽ പ്രവർത്തിക്കുകയും വേണം.

ഇവിടെ അവതരിപ്പിച്ച ഭേഗതിബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇവിടെ അവതരിപ്പിച്ച ഭേഗതി നിയമത്തിന് ബഹുമാനപ്പെട്ട മെമ്പർമാർ വച്ചിട്ടുള്ള നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ നടപടിയിൽ തീർച്ചയായും പ്രതിഫലിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കും എന്ന് ഞാൻ ആമുഖമായി അറിയിക്കുകയാണ്. ഈ ഭേഗതിനിയമം കൊണ്ടുവരാനുള്ള കാരണം ഞാൻ ആമുഖമായിത്തന്നെ പറയുകയുണ്ടായി. കാപ്പി കൃഷിക്കാരുടെകൈയിൽ നിന്നും സെയിൽസ് ടാക്സ് ഈടാക്കുമ്പോൾ പല രീതിയിൽ അസെസ്മെൻറ് വരുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകളും ഉണ്ട്. കാപ്പി സെൻട്രൽ ആക്ടിന്റെ പരിധിയിൽവരുന്ന ഒന്നാണ് അതുകൊണ്ട് കോഫിബോർഡ് പൂളു ചെയ്യുകയല്ലാതെ ഒരു കൃഷിക്കാരനും പൂളു ചെയ്തു വിൽക്കുവാൻ എന്നുള്ളത് ആണ് സെൻട്രൽ ആക്ടിന്റെ പരിധിയിൽ വന്നിട്ടുള്ളത്. ഓരോ കൃഷിക്കാരനെയും അസെസ് ചെയ്യുന്നതിനേക്കാളും കോഫിബോർഡ് പൂളു ചെയ്തു വിൽക്കുന്ന അവസരത്തിൽ പർച്ചേസ് ടാക്സ് ഈടാക്കുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ടും. കോഫിബോർഡ് ഒരു കേന്ദ്രബോർഡ് ആയതുകൊണ്ട് അവിടെ കൃത്രിമമായ കണക്കുവരാൻ ഇടയില്ലാത്തതുകൊണ്ടും ആണ് ഗവൺമെൻറ് ഗുലാത്തി കമ്മീഷന്റെ ഈ ശുപാർശ അനുസരിച്ച് ഇങ്ങനെ ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : കാഫി ഗ്രോവർസിൽനിന്നും പൂശ ചെയ്തത് ആണ് ബോർഡ് എടുക്കുന്നത്. അപ്പോഴാ അവിടെയാണ് നിങ്ങൾ ടാക്സ് ഏർപ്പെടുത്തുന്നത് എന്നു പറഞ്ഞു. അവിടെ നിങ്ങൾ ടാക്സ് ഏർപ്പെടുത്തുമ്പോൾ ബോർഡ് കൊടുക്കുന്ന ടാക്സ് കൂടി കിഴിച്ചായിരിക്കുമോ കൃഷിക്കാരനു പൈസ കൊടുക്കുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ : കൃഷിക്കാരൻ അല്ല, പർച്ചേസർ ആണ്. പൂശ ചെയ്തത് ഓക്ഷൻ കൊടുക്കുന്ന ആളിൽനിന്നാണ് അവർ ഈടാക്കുന്നത്. പൂശ ചെയ്തിട്ട് വാങ്ങുന്നവർ ച്ചേസറിൽനിന്നാണ് ടാക്സ് ഈടാക്കുന്നത്. അതുകൊണ്ട് കൃഷിക്കാരനു യാതൊരു ബുദ്ധിമുട്ടും ഇക്കാര്യത്തിൽ ഇല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : ധനകാര്യമന്ത്രി പറയുന്നതിൽ ഒരു ചെറിയ വ്യത്യാസമുണ്ട്. അതായത് കാപ്പി ഗ്രോവറായ ഞാൻ ഡിപ്പോയിൽകൊണ്ടു പോയി കൊടുക്കുകയാണ്. അപ്പോഴാ ആ സ്റ്റേറേജിൽ ഒരു വിൽപ്പനയുണ്ട്. അത് കഴിഞ്ഞ് ഡിപ്പോ പൂശ ചെയ്തു കഴിഞ്ഞ് ഓക്ഷൻ ചെയ്താണ് കോഫി ബോർഡിനു കൊടുക്കുന്നത്. അപ്പോഴാ രണ്ടുതരം വിൽപ്പനക്കാരൻ ഉണ്ട്. ഒന്ന് ഞാൻ ഉൽപ്പാദിപ്പിച്ച കാപ്പി കോഫി ബോർഡിന്റെ കേരളത്തിലെ ഡിപ്പോയിൽ ഞാൻ കൊണ്ടു കൊടുക്കുമ്പോഴാ ഒരു വിൽപ്പന നടക്കുന്നു. അങ്ങനെ കേരളത്തിൽ ആകെ നടക്കുന്ന വിൽപ്പന മൊത്തത്തിൽ കണക്കാക്കി എത്ര ടൺ കാപ്പി കേരളത്തിലെ ഡിപ്പോയിലൂടെ വന്നിട്ടുണ്ടോ അത്രയും കാപ്പി വിൽക്കുമ്പോഴാ ഉണ്ടാകുന്ന സെയിൽസ്ടാക്സും നമുക്കു തരണമെന്നാണല്ലോ. അങ്ങനെയാണെങ്കിൽ കോഫിബോർഡ് നമുക്ക് ടാക്സ് തരണം. കാഫിബോർഡ് തരുന്ന ടാക്സ് ഏഴര ശതമാനമാണെങ്കിൽ ആ ഏഴര ശതമാനം ടാക്സ് ഓരോ കപിൻറലിന് കുറച്ചു മാത്രമേ കർഷകനു കൊടുക്കുകയുള്ളൂ എന്ന ഒരു ബുദ്ധിമുട്ടു ഗവൺമെന്റു ശ്രദ്ധിച്ചിട്ടില്ല. ആ ബുദ്ധിമുട്ട് ശ്രദ്ധിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. തച്ചടി പ്രഭാകരൻ : അങ്ങനെ ബുദ്ധിമുട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കാം. ഇപ്പോഴാ ആറ് ശതമാനമാണ് ടാക്സ് ഈടാക്കുന്നത്. സെൻട്രൽ ആക്ട് അനുസരിച്ച് കോഫി മുഴുവൻ പൂശ ചെയ്തതിനു ശേഷംമാത്രമേ സെയിൽസ് നടത്താവൂ.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : കർഷകരെ പിന്നെയും കുഴപ്പത്തിലാക്കുന്ന നടപടി വരാതെ സൂക്ഷിക്കാമെന്നു പറഞ്ഞു. അതിനേക്കാൾ പ്രധാമായിട്ടുള്ളത് ഗവൺമെന്റിന്റെ റവന്യൂവിനെ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാപ്പിയുടെ നല്ലൊരു ഭാഗം സെയിൽസ് ടാക്സ് ചുമത്താൻ കഴിയാത്തവിധത്തിൽ മറ്റ് സംസ്ഥാങ്ങളിലേക്ക് പോകുന്ന ഒരു ഏർപ്പാടുണ്ട്. അത് പരിപൂർണ്ണമായിട്ടും അവസാനിപ്പിക്കാൻ കഴിയുമോ ? ഇതിൽനിന്നും ഒരു കോടിരൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അത് ഒരു കോടിയല്ല രണ്ടുകോടിയാക്കാൻ സാദ്ധ്യതയുണ്ടെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. ഇവിടെയുണ്ടാക്കുന്ന കിപ്പിയുടെ നികുതി മുഴുവൻ ഇവിടെ ചുമത്തിയെടുക്കാൻ കഴിഞ്ഞാൽ നമ്മുടെ വരുമാനം ഇരട്ടിക്കാൻ കഴിയും. അതിനു എന്ത് നടപടി എടുക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോഴത്തെ ഈ നിയമം അനുസരിച്ച് പുറത്തുകൊണ്ടുപോകാൻ സാദ്ധ്യമല്ല. അങ്ങനെകൊണ്ടുപോകുന്നത് കൃഷിക്കാരനുതന്നെ നഷ്ടമാണ്. ട്രാൻസ്പോർട്ടിങ്ങ് ചാർജ് കൊടുക്കേണ്ടിവരും. അന്യ സംസ്ഥാനങ്ങളിൽ ചെന്നാലും കോഫിബോർഡിന് പണം കൊടുക്കേണ്ടിവരും. അതുകൊണ്ട് ഇങ്ങനെ കൊണ്ടുപോകുന്നത് കർഷകന് നഷ്ടംവരുത്തും എന്നുള്ളതുകൊണ്ട് അങ്ങനെയൊരു സംഭവം ഉണ്ടാവുകയില്ല എന്നാണ് ഗവൺമെന്റ് മനസിലാക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : മറ്റ് സംസ്ഥാനങ്ങളിലേക്ക് കാപ്പി കടത്തിക്കൊണ്ടുപോയി വിൽക്കുന്നത് നഷ്ടമാണെന്ന് ധനകാര്യമന്ത്രി പറഞ്ഞല്ലോ. അത് ശരിയല്ല. നമ്മുടെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കാപ്പിനിർമ്മാതാക്കൾ കാപ്പികർഷകനിൽനിന്നും അനധികൃതമായി കാപ്പി വാങ്ങുന്നുണ്ട്. അത് കാപ്പിമേഖലയിൽ താമസിക്കുന്ന ആളുകളോട് അന്വേഷിച്ചാൽ മനസിലാകും. അത് ശ്രദ്ധിക്കേണ്ട, അങ്ങനെ സംഭവിക്കുകയില്ല എന്നു പറഞ്ഞു അതിന്റെ ഗൗരവം കുറച്ചുകാണരുത്.

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റിന്റെ കണക്കനുസരിച്ച് കേരളത്തിൽ 22,000 ടൺ ഹെക്ടറിലാണ് കാപ്പികൃഷിയുള്ളത്. ആവറേജ് ഈൽഡിംഗ് 60 കിലോഗ്രാമാണ്. (ആവറേജ് ചില സ്ഥലങ്ങളിൽ വ്യത്യാസമുണ്ട്.) അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ മാർക്കറ്റ് വില അനുസരിച്ച് 90 കോടിരൂപയുടെ ഉൽപ്പാദനമാണ് കേരളത്തിൽ നടക്കുന്നത്. കോഫിബോർഡ് പൂഴ്ത്തിവെയ്തിരിക്കുന്നതനുസരിച്ച് ചെറിയ വേരിയേഷൻമാത്രമാണ് ഇക്കാര്യത്തിൽ വരുന്നത്. അഞ്ചാറുകോടിരൂപയുടെ വേരിയേഷൻ മാത്രമേ കോഫിബോർഡ് പൂഴ്ത്തിവെയ്ക്കുന്നതിൽ വരുന്നുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സംശയങ്ങൾ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇല്ല. ശ്രീ. കെ. വി. സുരേന്ദ്രനാഥ് സൂചിപ്പിച്ചപോലെ ഒരു കോടി രൂപയല്ല നാലരക്കോടിരൂപയാണ് കഴിഞ്ഞവർഷം കോഫിയുടെ നികുതിയായി പിരിച്ചെടുത്തത്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഇന്നത്തെ ഹിന്ദു പത്രത്തിൽ ഒരു റിപ്പോർട്ട് വരികയുണ്ടായി. ഇൻറർനാഷണൽ മാർക്കറ്റ് കാപ്പിയുടേത് വളരെ കൂടിയിരിക്കുന്നുവെന്ന്. ലോകത്തിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്ന കാപ്പിയിൽ ഏകദേശം മൂന്നു ശതമാനമാണ് ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്നത്. അതിൽ പത്തു ശതമാനം കേരളത്തിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. നമ്മുടെ കാപ്പിയാണ് മേന്മയേറിയത് എന്നുള്ളതുകൊണ്ട് ഏറ്റവുംകൂടുതൽ എക്സ്പോർട്ട് ചെയ്യാൻ കഴിയുന്നതും നമ്മുടെ കാപ്പിയാണ് ; നമ്മുടെ ആഭ്യന്തര ഉപയോഗം കഴിഞ്ഞതിനുശേഷം.

ശ്രീ. എ. കെ. ശശീന്ദ്രൻ : കോഫിബോർഡിൽ കേരള ഗവൺമെന്റിന്റെ പ്രതിനിധിയായി ഒരു ഉദ്യോഗസ്ഥനുണ്ട്. ഓരോ കൊല്ലവും കോഫിക്ക് അന്താരാഷ്ട്ര വിപണിയിൽ വിലകൂട്ടുന്നതനുസരിച്ച് തത്തുല്യമായ പർസന്റേജ് വില കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ? പ്രതിനിധികളായി പ്രവർത്തിക്കുന്ന ആരും ഏതു തരത്തിൽ പ്രവർത്തിക്കുന്നുവെന്നു നോക്കിയാൽ നമുക്ക് ഒരുപാട് നഷ്ടവും ഈ ഇനത്തിൽ സംഭവിക്കുന്നുണ്ടെന്നു വസ്തുത മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനം നടത്താനെങ്കിലും ഈ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : തീർച്ചയായിട്ടും ഇൻറർ നാഷണൽ മാർക്കറ്റ് അനുസരിച്ചുള്ള വില കൃഷിക്കാർക്ക് കിട്ടുന്നുണ്ടോയെന്നു പരിശോധിക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുക്കുവാനും ഗവൺമെൻറ് സന്നദ്ധമാണ്. ഇന്ന് ഹിന്ദുദിന പത്രത്തിൽ വരുന്നതനുസരിച്ച്, ഒരു കിലോഗ്രാം കോഫിക്ക് എഴുപതുരൂപവരെയുണ്ടെന്നാണ്. അതൊരു റെക്കോർഡ് വിലയാണ്. ഇതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിലുള്ള റെക്കാർഡ് വിലയാണ്.

ശ്രി. കെ. രാഘവൻ മാസ്റ്റർ : ഇപ്പോഴും ഒരു കിലോഗ്രാമിന് എഴുപതു രൂപയായിട്ടും കൃഷിക്കാർക്ക് പത്തു രൂപയിൽ താഴെയാണ്, വില കിട്ടുന്നതെന്നുള്ള വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇൻറർ നാഷണൽ മാർക്കറ്റുവില അനുസരിച്ചുള്ള വില തന്നെ കൃഷിക്കാരനും കൊടുക്കാൻ എന്തെങ്കിലും നടപടിയെടുക്കാമോയെന്ന് ഗവൺമെൻറ് പരിശോധിക്കുന്നതാണ്. കൃഷിക്കാരന് കഴിയുന്നത്ര ഉപദ്രവം കുറച്ചുകൊണ്ട് ടാക്സ് കളക്ട് ചെയ്യുകയെന്നുള്ള നയമാണ് ഈ ഗവൺമെൻറ് അവലംബിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഇത് പൂർണ്ണമായിട്ട് അവിടെ നിന്നും ഈടാക്കണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ഈ നിയമഭേദഗതി കൊണ്ട് നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കാൻ സാധിക്കും. അതേ സമയം ഇതുകൊണ്ട് ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെയും മറ്റും സ്ഥലങ്ങൾ പോയി നോക്കിയിട്ട് അവരെ കണ്ടമാനം ഹരാസ് ചെയ്യുന്നത് ഒഴിവാക്കാൻ പറ്റിയ ഒരു മാർഗ്ഗവുമാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ചില പരാമർശങ്ങളും നടക്കുകയുണ്ടായി. നികുതി അസസ് ചെയ്യുന്ന കാര്യത്തിൽ വളരെ കുഴപ്പമുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നിങ്ങനെയാണ് പരാമർശിച്ചത്. ഇപ്പോൾ ചെക്ക്പോസ്റ്റുകളിൽ കർശനമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഉദാഹരണമായി വാളയാർ ചെക്കുപോസ്റ്റുകളിൽ ദിവസവും ശരാശരി നാന്നൂറും അഞ്ഞൂറും ലോറികളാണ് വരുന്നത്. അവിടെ ഒരു സാധനം അൺലോഡ് ചെയ്തു പിന്നെ ലോഡ്ചെയ്തു പോയി കഴിയുമ്പോൾ സാധനവിലയെക്കാൾ കൂടുതൽ അട്ടിമറി കാശായി കൊടുക്കേണ്ടി വരും. വളരെ കർശനമായ നടപടിയെടുത്തതിൻറെ പേരിൽ ചെക്ക്പോസ്റ്റുകൾ പരിശോധിക്കുവാനും അവിടെ പുറത്തു നിന്നു വരുന്ന ലോറികളും മറ്റും പരിശോധിക്കാനും സെയിൽ സ്ടാക്സ് ഉദ്യോഗസ്ഥൻമാർക്കു കഴിയും. അതുപോലെ അമരവിളയും പരിസരത്തുമുള്ള ചെക്കുപോസ്റ്റിൽ സെയിൽസ്ടാക്സ് കമ്മീഷണറുടെ നേതൃത്വത്തിൽ തന്നെ പരിശോധിച്ചും അതിൽ ആകെ ഇരുന്നൂറു ലോറികൾ വന്നതിൽ നൂറു ലോറികളും സെയിൽസ് ടാക്സ് വെട്ടിച്ചതാണെന്ന് ഗവൺമെൻറിന് കണ്ടുപിടിക്കാൻ കഴിഞ്ഞു. ആ ലോറികൾ പിടിച്ചെടുക്കുകയും ടാക്സ് ഈടാക്കുകയും ചെയ്തു. കേരളത്തിലെവിടെയെങ്കിലും ഈ രീതിയിൽ ടാക്സ് വെട്ടിക്കുന്ന ആളുകളുണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുക എന്നതാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയം. മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, ടാക്സ് അസസ്മെൻറിനെക്കുറിച്ചാണ്. പലയിടങ്ങളിലും കച്ചവടക്കാർ സെയിൽടാക്സിൽ രണ്ടു രീതിയിലുള്ള കണക്കുകളാണ് സൂക്ഷിക്കുന്നത്. സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെൻറിന് കൊടുക്കുന്നത് ഒരു കണക്കും, അവർ യഥാർത്ഥത്തിൽ വച്ചിരിക്കുന്ന വേറൊരു കണക്കുമുണ്ട്. കഴിഞ്ഞ രണ്ടുമാസക്കാലമായി കേരള വ്യാപകമായി അങ്ങനെയുള്ള പരിശോധനയിൽ ധാരാളം ബുക്കുകൾ ഗവൺമെൻറ് കണ്ടെടുക്കുകയും അതിൻറെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥ വസ്തുതകളും മനസ്സിലാക്കി അതിനുള്ള ശക്തമായ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞവർഷം പിരിച്ച ടാക്സിനെക്കാൾ നൂറുകോടി രൂപ ഈ വർഷം അധികമായി പിരിച്ചെടുക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : നമ്മുടെ ഖജനാവിലേക്ക് വരേണ്ട ഏകദേശം 139 കോടി രൂപയോളം കോടതിയുടെയും ഗവൺമെന്റിന്റെയും Stay യ്ക്കടിയിൽ കിടക്കുകയാണ്. Stay കാലയളവിൽ ഒരു പൈസപോലും പലിശയായി വാങ്ങുന്നില്ല എന്നുള്ളത് ഗവൺമെന്റിന് അറിയാമോ ? കോടതിയും ഗവൺമെന്റും സ്റ്റേ കൊടുക്കുന്ന കാലയളവിൽ ബാങ്ക് ഇന്ററസ്റ്റ് എങ്കിലും ആ തുകയ്ക്ക് ചാർജ്ജ് ചെയ്യാൻ കഴിയത്തക്കവണ്ണം, ഒരു നിയമം തന്നെ കൊണ്ടുവരാൻ തയ്യാറാകുമോ ? അതുപോലെ ശ്രീ. മാണി നിയമിച്ച വടക്കേൽ കമ്മിറ്റിയെ പിരിച്ചു വിട്ടുകൊണ്ട് ഫിനാൻസ് എക്സ്പർട്ട്സിനെ വച്ച് ഒരു സമഗ്രമായ ശുപാർശ സമർപ്പിക്കത്തക്ക വിധത്തിൽ വ്യവസ്ഥാപന നികുതിയെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 140 കോടി രൂപയുടെ കുടിശ്ശികയുണ്ട്. അതിൽ റവന്യൂ റിക്കവറിയിനത്തിൽ 55.25 കോടി രൂപയുടെ പിരിവു നടത്തുകയാണ്. കോടതി സ്റ്റേ ചെയ്തിരിക്കുന്നത് 19.14 കോടി രൂപയാണ്. ആരെങ്കിലും കോടതിയിൽ പോയാൽ ആറേഴു വർഷം കഴിഞ്ഞാൽപ്പോലും സ്റ്റേ വെക്കേറ്റ് ചെയ്യുന്ന സാഹചര്യങ്ങളില്ലാത്ത നിരവധി കേസുകളുണ്ട്.

അടുത്തകാലത്ത് ഇതുപോലെ കാഷ്യൂ എക്സ്പോർട്ടേഴ്സിന്റെ ഏഴര കോടി രൂപ ഒരു വർഷമായിട്ട് സുപ്രീംകോടതിയിൽ കിടക്കുകയാണ്. അതിന് പ്രത്യേകമായി ഒരു അഭിഭാഷകനെ വച്ച് വാദിച്ച് സ്റ്റേ വെക്കേറ്റ് ചെയ്തത് ആ തുക പിരിച്ചെടുക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറച്ച് അലസതയൊക്കെ വന്നിട്ടുണ്ട് എന്ന് ഗവൺമെന്റിനു തന്നെ മനസ്സിലായിട്ടുണ്ട്. വളരെ പരിമിതമായ ഉദ്യോഗസ്ഥന്മാരാണ് നികുതി പിരിവിനു ള്ളത്. അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ കീഴിൽ ടാക്സ് കേസുകളും മാത്രം നടത്തുന്നതിനുവേണ്ടി ഒരു വിംഗും ഒരു ലെയിസാൺ ഓഫീസറെയും ഏർപ്പെടുത്താനാണ് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഒരു വക്കീൽ മാത്രമാകുമ്പോൾ കേസിനുവേണ്ടി പലപ്പോഴും എല്ലാ സ്ഥലങ്ങളിലും പോകാൻ കഴിയില്ല. അതുകൊണ്ട് ഇത് എല്ലാ കോടതികളിലും പ്രത്യേകമായി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ട്രൈബ്യൂണലുകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട് ട്രൈബ്യൂണലുകളിൽ വളരെയധികം കാലതാമസമുണ്ടാകുന്നുവെന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ പറയുകയുണ്ടായി. നിലവിലുള്ള മൂന്നു ട്രൈബ്യൂണലുകൾക്കു പുറമെ പാലക്കാടും കോട്ടയത്തും രണ്ടു അഡീഷണൽ ബെഞ്ചുകളും കൂടി ഉണ്ടാക്കിയിട്ടുണ്ട്. ഒരു ഡയറക്ടീവ് എന്നുള്ള നിലയിൽ ജുഡീഷ്യൽ മൈൻഡിൽ ആണ് നിൽക്കുന്നതെങ്കിലും കേസുകളിൻമേൽ കാലതാമസമുണ്ടാകാതെ കഴിയുന്നത്ര വേഗത്തിൽ പരിശോധിച്ച് അസസ്സ്മെന്റ് ചെയ്ത് കുടിശ്ശികയുള്ള ടാക്സ് പിരിച്ചെടുക്കുവാനുള്ള നടപടികളും ത്വരിതഗതിയിൽ നടത്തുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഈ നിയമഭേദഗതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : വടക്കേൽ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല. അതു പിരിച്ചു വിടാൻ കഴിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : വടക്കേൽ കമ്മീഷൻ ഇവിടെ രണ്ടര വർഷങ്ങളായി പ്രവർത്തിക്കുകയാണ്, സെയിൽസ് ടാക്സ് മാത്രമാണ് അവർ എടുത്തിട്ടുള്ളത്. റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല. ആ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ഗവൺമെന്റ് ഉത്തരവ് കൊടുത്തു കഴിഞ്ഞു. മറ്റു ടാക്സുകളെ സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുവേണ്ടി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ശ്രീ. എൻ. കാളീശ്വരൻ, സെയിൽസ് ടാക്സ് കമ്മീഷണർ ശ്രീ. എസ്. ഗോപാലൻ ഫിനാൻസ് സെക്രട്ടറി ശ്രീ. ആർ. നാരായണൻ എന്നിവരടങ്ങിയ സബ് കമ്മിറ്റിയേയും വച്ചിട്ടുണ്ട്. അതുകൊണ്ട് ഇവരുടെ റിപ്പോർട്ട് വന്നതിനുശേഷം ശ്രീ. താമരാക്ഷൻ പറഞ്ഞതുപോലെ ഗുലാത്തിയെപ്പോലുള്ള ഫിനാൻസ് എക്സ്പർട്സിനെ വച്ച് പരിശോധിക്കുവാനുള്ള ഏർപ്പാട് ചെയ്യാം. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞതുപോലെ പുതിയ നികുതി നിർദ്ദേശങ്ങൾ. കേരളത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള പ്രശ്നമാണ്. ഉള്ള നികുതി തോതനുസരിച്ച് കൂടുതൽ പിരിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. മറ്റു നികുതികളെക്കുറിച്ച് പറയുമ്പോൾ, ആട്ടോമൊബൈലിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, കേരളത്തിലോടുന്ന വാഹനങ്ങളിൽ 80,85 ശതമാനവും കർണ്ണാടക, പോണ്ടിച്ചേരി, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് വരുന്നവയാണ്. നമ്മുടെ നികുതി റേറ്റ് കൂടുതലാണെന്നാണ് അവർ പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഈ പ്രശ്നം അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : ഒരു പൊതുമേഖലാ സ്ഥാപനമായ മാരുതി ഉദ്യോഗംപോലും അവരുടെ മദ്രാസ് റീജിയണൽ ഓഫീസിൽ നിന്നുമാണ് കാറുകൾക്ക് ഡലിവറി കൊടുക്കുന്നത്. ഇപ്പോൾ തന്നെ രണ്ടായിരത്തോളം കാറുകൾ നമ്മുടെ സംസ്ഥാനത്തു വന്നിട്ടുണ്ട്. ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്തിന് വലിയ റവന്യു നഷ്ടം ഉണ്ടെന്നുള്ളതു പരിഗണിച്ച് അതിനെന്തെങ്കിലും മാറ്റമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയാടി സ്ഥാനത്തിലുള്ള നിയമങ്ങളൊക്കെ ഇതിന് തടസ്സമായി നിൽക്കുകയാണ്. നമ്മുടെ ഗവൺമെന്റും മറ്റു ഗവൺമെന്റുകളും പറയുന്നത്, നികുതിയെ സംബന്ധിച്ചിടത്തോളം ദക്ഷിണമേഖലയിൽ ഒരു ഏകീകരണം വേണമെന്നാണ്. കേരള ഗവൺമെന്റിന്റെ നിർദ്ദേശം ഇതുവരെ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. നികുതി കിട്ടുന്നതിന് തടസ്സമായ സാഹചര്യമുണ്ടെങ്കിൽ അത് കഴിയുന്നത്ര ഏകീകരിക്കുകയാണ് പ്രയോജനമെന്ന് പറഞ്ഞിട്ടുണ്ട്. ഈ കമ്മീഷന്റെ നിർദ്ദേശം വന്നതിനുശേഷം അതിനെക്കുറിച്ച് പരിശോധിച്ച് ഇന്നുള്ളതിൽ കൂടുതൽ നികുതി ജനങ്ങളെ അടിച്ചേൽപ്പിക്കാതെ തന്നെ പിരിച്ചെടുക്കുവാൻ കഴിയുമോയെന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. ടി. എസ്. ജോൺ പറഞ്ഞതുപോലെ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ പിരിച്ച നികുതികൾക്കൊന്നും മാറ്റം വരുത്തിയിട്ടില്ല. മാറ്റം വരുത്താതെ, തന്നെ ഏകദേശം 40 കോടി രൂപ കഴിഞ്ഞ വർഷം അഞ്ചുമാസം കൊണ്ട് പിരിച്ചതിനെക്കാൾ കൂടുതലായി ഈ വർഷം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി നൂറുകോടി രൂപ എങ്കിലും പിരിച്ചെടുക്കാൻ കഴിയും. അതേ സമയം കൃഷിക്കാരെ ബുദ്ധിമുട്ടിക്കരുതെന്നുള്ള അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തൽ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി മോർഗ്ഗവി തങ്കപ്പൻ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ഭേദഗതി ബിൽ

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഡെ. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. കെ. വേലായുധൻ: ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിവരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതം, വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. വേലായുധൻ: ഇതിൽ കാര്യമായിട്ടൊന്നും എനിക്കു പറയാനില്ല. മുന്നൂറു രൂപയ്ക്ക് താഴെ മോട്ടോർ ടാക്സ് നാലു ക്വാർട്ടറായി അടയ്ക്കേണ്ടി വരുന്നവർക്ക് രജിസ്റ്റർ ചെയ്ത ക്വാർട്ടറിൽ തന്നെ ഒരു വർഷത്തേയ്ക്ക് ഉള്ള മുഴുവൻ നികുതിയും ഒന്നിച്ച് അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ആദ്യത്തേത്. ഇതുകൊണ്ട് ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും, ആർ. ടി. ഒ. ആഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും വാഹന ഉടമകൾക്ക് പ്രയാസങ്ങൾ കുറഞ്ഞു കിട്ടാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly